KOTTAYAM PUBLIC LIBRARY KOTTAYAM

# [illegible] ടക്കൻറ രാജസൂയം

(ആട്ടക[illegible])

KOTTAYAM PUBLIC LIBRARY * KOTTAYAM.

# RAJASUYAM

(*ATTAKKATHA*)

Edited by:
**Kalamandalam Krishnan Kutty Poduval**

PUBLISHERS:
Keralakalamandalam Academy of Arts
Cheruthuruthy.

1964

First Impression: Copies 1000

Copy-rlght:
Keralakakalamandalam Academy of Arts

Price Re. 1-00

Printed at the Vallathol Press Cheruthuruthy.

KOTTAYAM PUBLIC LIBRARY KOTTAYAM.
70683

# വടക്കൻരാജസൂയം

(ആട്ടക്കഥ)

എഡിററർ:

കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ

പ്രസാധകന്മാർ :

കേരളകലാമണ്ഡലം അക്കാദമി

1964

MA5

ഒന്നാംപതിപ്പ് കോപ്പി 1000

പകർപ്പവകാശം:
കേരള കലാമണ്ഡലം അക്കാദമി

വില 1 ക.

---

അച്ചടി:
വള്ളത്തോൾ പ്രിണ്ടിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,
ചെറുതുരുത്തി.

# വിഷയവിവരം

1. ആമുഖം
2. പ്രസ്താവന
3. അവതാരിക
4. കഥ—രംഗസംവിധാനവും മററും
5. ടിപ്പണം

# ആമുഖം

കലാമണ്ഡലം ആദ്യമായി പ്രസിദ്ധീകരിക്കുന്ന രാജസൂയം (വടക്കൻ) ആട്ടക്കഥ പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിന്നു് കലാമണ്ഡലം ചെയർമാൻ എന്ന നിലയിൽ എനിയ്ക്കു് അതിയായ സന്തോഷം ഉണ്ടു്. കലാമണ്ഡലത്തിൽ ഒരു പ്രസിദ്ധീകരണവിഭാഗം താമസിയാതെ ഉടലെടുക്കും എന്ന സംഗതി ഈ അവസരത്തിൽ പ്രസ്താവ്യമാണ്ണ്. അതിന്റെ പ്രവർത്തനങ്ങളുടെ മുന്നോടിയായി ഈ പ്രസിദ്ധീകരണത്തെ കണക്കാക്കാവുന്നതുമാണ്.

അഭിനയപ്രധാനവും സാങ്കേതികവശങ്ങൾ തികച്ചുള്ളതും ആയ കലയായതുകൊണ്ടു് കഥകളി മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നു് പൊതുവിൽ അഭിപ്രായമുള്ള സംഗതിയാണല്ലൊ. ആടുന്ന കഥ മുൻകൂട്ടി വായിച്ച് അറിയുന്ന പക്ഷം കഥാഗതിയെപ്പററിയും കളിയെപ്പററിയും മററും ഏറെക്കുറെ മനസ്സിലാക്കുവാനും ആസ്വദിക്കുവാനും സാധിക്കും. പക്ഷെ നിലവിലുള്ള ആട്ടക്കഥാപുസ്തകൾ ആ അടിസ്ഥാനത്തിൽ അച്ചടിക്കപ്പെട്ടവയല്ല. പ്രസിദ്ധകലാകാരനായ ശ്രീ. കലാമണ്ഡലം കൃഷ്ണൻകുട്ടിപ്പൊതുവാൾ സജ്ജീകരിച്ച രാജസൂയം (വടക്കൻ) ആട്ടക്കഥ നിലവിലുള്ള മററു പ്രസിദ്ധീകരണങ്ങളിലെ പോരായ്മകൾ പരിഹരിക്കത്തക്ക വിധം ഒരു പുതിയ രീതിയാണ് അംഗീകരിച്ചിരിക്കുന്നതു്. രംഗം രംഗമായി വിഭജനംചെയ്തു് ഓരോ രംഗത്തിലും ഉള്ള

കഥാപാത്രങ്ങൾ, ശ്ലോകം, പദങ്ങൾ – അവയുടെ രാഗം, താളം, ആട്ടക്രമം, പ്രകടനസമ്പ്രദായം മുതലായവ എളുപ്പം ഗ്രഹിക്കത്തക്കവിധം ചിട്ടപ്പെടുത്തിയിരിക്കുന്നു. കഥകളി പ്രേമികൾക്കു കളികണ്ടു ആസ്വദിക്കുവാൻ ഏററവും സഹായകമാകും എന്നതിന്നു പുറമേ സംഗീതം, കലാശങ്ങൾ, ആട്ടക്രമം മുതലായ വിഷയങ്ങളിൽ അവരവരുടെ താല്പര്യാനുസരണം കൂടുതൽ ആസ്വാദ്യത നേടാനും സാധിക്കും. ഇളകിയാട്ടം കഥകളിയിൽ ഒരു മുഖ്യചടങ്ങാണ്. ഓരോ കഥാപാത്രവും സന്ദർഭത്തിന്നും കഴിവിന്നും അനുസരിച്ചു ഇളകിയാട്ടം ആടുക പതിവാണ്. എന്നാൽ അതിന്റെ താല്പര്യം പ്രേക്ഷകരിൽ പലക്കും മനസ്സിലാക്കുവാൻ സാധിക്കാറില്ല. ഈ വിഷമത ഇല്ലായ്മ ചെയ്യുന്നതു വലിയ നേട്ടം ആണല്ലോ.

കലാമണ്ഡലത്തിലെ പ്രഥമാദ്ധ്യാപകനും പ്രിൻസിപ്പാളും ആയ ശ്രീമാൻ വാഴേങ്കട കുഞ്ചുനായരുടെ അവതാരിക ഈ ഗ്രന്ഥത്തിനു ഒരു ഭൂഷണം ആയിട്ടുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ല. കഥയെപ്പററിയും ഗ്രന്ഥകർത്താവിനെപ്പററിയും ആസ്പദമായ മൂലകഥയെപ്പററിയും ഈ കഥയിലെ സവിശേഷതകളെപ്പററിയും പ്രസിദ്ധനടനും ആചാര്യനും ആയ അദ്ദേഹത്തിന്റെ വിമർശനം എത്രയോ വിജ്ഞാനപ്രദമാണ്.

കേരളകലാമണ്ഡലം തന്നെ ആണ് ഈ പുസ്തകം പ്രസിദ്ധീകരിക്കുന്നതു് എന്നതു എത്രയും സമുചിതമായിട്ടുണ്ടു്. കേരളത്തിലെ ഏററവും പ്രധാനപ്പെട്ട കലാസ്ഥാപനം എന്ന നിലയിൽ കലാമണ്ഡലം ഇങ്ങിനെയുള്ള സംഗതികളിൽ മുൻകൈ എടുക്കേണ്ടതു് ഒരു മുഖ്യകർത്തവ്യം ആണ്. നടപ്പി

ലുള്ള എല്ലാ ആട്ടക്കഥകളും ഈ തരത്തിൽ പ്രസിദ്ധപ്പെടുത്തുന്നതായാൽ കഥകളി സ്ഥാപനങ്ങൾക്കും വിദ്യാർത്ഥികൾക്കും കലാകാരന്മാക്കും മാത്രമല്ലാ, സഹൃദയരായ പൊതുജനങ്ങൾക്കും ഏററവും ഉപകരിക്കുന്നതായിരിക്കും. കൂടുതൽ ആസ്വാദകരെ ഈ വിശിഷ്ടകലയിലേക്ക് ആകർഷിക്കുവാനും കഥകളിയുടെ പ്രചാരം തന്മൂലം വർദ്ധിപ്പിക്കുവാനും പര്യാപ്തമാകുമെന്നതിന്നും സംശയമില്ല.

ശ്രീ. കുമ്മിണി വാസുദേവൻ നമ്പൂതിരിയുടെ ടിപ്പണിയും ഈ പ്രസിദ്ധീകരണം കൂടുതൽ ഫലപ്രദമാക്കുവാൻ സഹായിക്കുന്നതാണ്. കലാമണ്ഡലം കൃഷ്ണൻകുട്ടിപ്പൊതുവാളെ ഞാൻ ഹാർദ്ദമായി അനുമോദിക്കുകയും സ്തുത്യർഹമായ ഇത്തരം പരിശ്രമം തുടൻകൊണ്ടിരിക്കുമെന്നുപ്രതീക്ഷിക്കുകയും ചെയ്യുന്നു.

**ഡോ: കെ. എൻ. പിഷാരോടി.**
യം. ഡി., യം. ആർ. സി. പി. (ലണ്ടൻ)
ഡി. ടി. യം. (കല്ക്കത്ത)
ചെയർമാൻ,
കേരളകലാമണ്ഡലം അക്കാദമി.

ചെറുതുരുത്തി
26-10-'64

# പ്രസ്താവന

ആട്ടക്കഥകൾ സമാഹരിച്ചിട്ടുള്ള പുസ്തകങ്ങളിലൊന്നും വടക്കൻ രാജസൂയം ചേർത്തുകാണാത്തതു് എന്താണാവോ. രണ്ടു കർത്താക്കൾ എഴുതിയിട്ടുള്ള ഒരേകഥകൾ ധാരാളമുണ്ട ല്ലൊ അതിൽ. ആടാനോ, പാടാനോ, വായിക്കാൻപോലു മോ പററാത്തവയും കുറവല്ല. ആ സ്ഥിതിയ്ക്കു് ഈ കഥയും കൂടി അതിൽ ഉൾപ്പെടുത്താത്തതു് കഷ്ടമാണെന്നു് പലപ്പോ ഴും തോന്നാറുണ്ടു്.

മദ്ധ്യകേരളത്തിൽ വടക്കൻ രാജസൂയമാണ് കളിയ്ക്കാറു്. വേഷക്കാരുടേയോ പാട്ടുകാരുടേയോ കയ്യിൽ ഇതിൻെറ ക യ്യെഴുത്തുകോപ്പി ഉണ്ടെങ്കിലുണ്ടു്, അത്രയേയുള്ളു. ഒരിയ്ക്കൽ ആശാൻ വാഴേങ്കട കുഞ്ചുനായരുടെ കയ്യിൽ ഒരു പഴയ ആട്ട ക്കഥാപുസ്തകം കാണാനിടയായി. അതിൽ നീലാസുരവ ധം, സിംഹാവതാരം, ലവണാസുരവധം, വടക്കൻ കിരാതം, ബാലിവിജയം എന്നീകഥകളുടെ കൂട്ടത്തിൽ ഈ വടക്കൻ രാ ജസൂയവും കണ്ടു. അച്ചടിയിൽ ഇങ്ങിനെ ഒന്നേയുള്ളുവെന്നു് തോന്നുന്നു. അതുതന്നെ ഇപ്പോൾ കിട്ടാനൊട്ടില്ലതാനും.

## II

1912-ൽ വിദ്വാൻ കോമ്പിഅച്ഛൻ എന്ന തിരുനാമമായ പാലക്കാട്ടു് ശേഖരിവമ്മ വലിയതമ്പുരാൻ അവർകൾ അച്ചടിപ്പിച്ചതാണതു്. അവ്യക്തതകളും പോരായ്മകളും ധാരാളമുണ്ടതിൽ.

ഇതിലെ ജരാസന്ധൻേറയും ശിശുപാലൻേറയും ഭാഗങ്ങൾ മാത്രമേ സാധാരണ കളിയ്ക്കാറുള്ളു. ആദ്യഭാഗമൊന്നും പാട്ടുകാർക്കു് അറിഞ്ഞുകൂടാ, തോന്നിയ്ക്കാൻ പുസ്തകവുമില്ല. സാധാരണനടന്മാർക്കും എന്തൊക്കെയാണു് എങ്ങിനെയൊക്കെയാണു് എന്നു് കഥയെപ്പററി അത്രപിടിയില്ല. തന്മൂലം ഇതൊന്നച്ചടിയ്ക്കണം എന്നു തോന്നിത്തുടങ്ങിയിട്ടു് കുറേനാളായി. അച്ചടിയ്ക്കാത്ത ഒരു കഥ അച്ചടിപ്പിയ്ക്കുന്ന സ്ഥിതിയ്ക്കു്, ഓരോരംഗത്തിലും കഥാപാത്രങ്ങൾ അനുസരിയ്ക്കേണ്ട ചിട്ടകളും ആടേണ്ട ആട്ടങ്ങളും കൂടിച്ചേർത്താൽ അതു ഭാവിതലമുറയ്ക്കു് കൂടുതൽ പ്രയോജനപ്രദമാവുമല്ലൊ.

ജരാസന്ധൻേറയും ശിശുപാലൻേറയും ആട്ടം ശ്രീ കുഞ്ചുനായരാശാൻ കളരിയിൽ പറഞ്ഞുകൊടുക്കാറുള്ളതാണു്; മററുള്ളവ സ്വന്തമായി എഴുതിച്ചേർത്തതും. ഇതൊക്കെയേ ആടാവൂ എന്നൊന്നുമില്ല. നടന്മാരുടെ മനോധർമ്മത്തിനു അങ്കുശമരുതല്ലോ. വിദ്യാർത്ഥികൾക്കു് ഉപകരിയ്ക്കുമെന്നുകരുതി ശ്രീ. കുഞ്ഞിണി വാസുദേവൻ നമ്പൂതിരി, എം. എ. അവർകളുടെ ഒരു ലഘു ടിപ്പണവും ഉണ്ടു്.

ഇതിലെ ചില പദങ്ങൾക്കു് രാഗം പ്രത്യേകം കൊടുത്തിട്ടുണ്ടായിരുന്നില്ല. അതുചേർക്കുകയും രംഗപ്പിടിപ്പിനു കൂ

ട്ടതൽ ഉതകുമെന്നുകരുതി ചിലേടത്ത് രാഗവും താളവും മാററുകയും ചെയ്തു; ക്ഷമിയ്ക്കുക. ഗ്രന്ഥപാഠം താഴെചേർത്തിരിയ്ക്കും. കലാശങ്ങൾ വേണ്ടദിക്കിൽ || എന്ന അടയാളംകൊണ്ടു് സൂചിപ്പിച്ചിട്ടുണ്ടു്.

ഈ കഥയുടെ രചയിതാവ് കിള്ളിക്കുറുശ്ശിമംഗലത്തു് പൂന്തോട്ടത്തില്ലത്തു് ദാമോദരൻനമ്പൂതിരിയുടെ ശിഷ്യനാണു് എന്നുമാത്രമേ ഗ്രന്ഥംകൊണ്ടു് ഗണിയ്ക്കാൻ കഴിയുന്നുള്ളു. രാജശ്രീ കോമ്പി അച്ഛൻ പ്രസാധനംചെയ്ത പുസ്തകത്തിന്റെ മുഖവുരയിൽ ഒരു ഇളയിടത്തുനമ്പൂതിരിയാണ് ഗ്രന്ഥകാരൻ എന്നുകാണുന്നു. ഇതിൽക്കവിഞ്ഞൊന്നും ഗ്രന്ഥകാരനെപ്പററി അറിഞ്ഞുകൂടാ.

ആശാൻ ശ്രീ വാഴേങ്കട കുഞ്ചുനായർ ഇതു് സൂക്ഷ്മമായി പരിശോധിയ്ക്കുകയും തെററുകൾ തിരുത്തുകയും,വേണ്ട നിർദ്ദേശങ്ങൾ തരികയും ചെയ്തതിനാൽ ഈ രൂപത്തിൽ ഇതു് പുറത്തിറക്കുവാൻ വേണ്ടതിലധികം ധൈര്യമായി.

കഥാസംഗ്രഹം, നായകാദിപാത്രങ്ങൾ സാഹിത്യം മുതലായി അരുകും മൂക്കും അണഞ്ഞ കനപ്പെട്ട ഒരവതാരികകൊണ്ടു് അദ്ദേഹം ഇതിനെ അനുഗ്രഹിയ്ക്കുകയും ചെയ്തു.

ഇതിന്റെ അച്ചടി കലാമണ്ഡലം ഏറെറടുക്കാമെന്നു് സെക്രട്ടരി ശ്രീ സി. വി. സുബ്രഹ്മണ്യയ്യർ അവർകൾ സദയം സമ്മതിച്ചു. കളരിയിൽ ചൊല്ലിയാടിയ്ക്കുന്ന എല്ലാകഥ

കളും അതിൻെറ ചിട്ടകളോടുകൂടി അച്ചടിക്കേണ്ടതാണെന്നു കൂടി അദ്ദേഹത്തിനു് അഭിപ്രായമുണ്ടു്. ഇങ്ങിനെ എല്ലാകഥകളും കലാമണ്ഡലം വകയായിത്തന്നെ പ്രസിദ്ധീകൃതങ്ങളാവുമെന്നു് ആശിയ്ക്കാം.

കൃഷ്ണൻകുട്ടിപൊതുവാൾ

KOTTAYAM PUBLIC LIBRARY

# അവതാരിക

കഥകളിയിൽ തെക്കൻകഥയെന്നും വടക്കൻകഥയെന്നും പറഞ്ഞുവരുന്ന കഥകൾ പലതുമുണ്ട്. അവയിൽ ചിലതു് ഒരു കഥതന്നെ തെക്കനും വടക്കനുമായി രണ്ടുവിധത്തിൽ കപ്പെട്ടവയുമുണ്ട്. (അതായതു്, ഒരു കഥതന്നെ രണ്ടു കവികളാൽ എഴുതപ്പെട്ടതു് എന്നു് താൽപര്യം.) അങ്ങിനെയുള്ളവയിൽ ഉൾപ്പെട്ടതാണ് രാജസൂയം കഥ. അതിൽ കാർത്തിക തിരുനാൾ രാമവർമ്മമഹാരാജാവ് തിരുമനസ്സുകൊണ്ട് കല്പിച്ചുണ്ടാക്കിയതാണ് തെക്കൻ രാജസൂയം. കിള്ളിക്കുറുശ്ശിമംഗലത്തു് പൂന്തോട്ടം നമ്പൂതിരിയുടെ ശിഷ്യനായ എളയിടത്തു നമ്പൂതിരിയാൽ എഴുതപ്പെട്ട കഥയാണ് ഇവിടെ അവതരിപ്പിക്കാൻ പോകുന്ന വടക്കൻ രാജസൂയം.

## കഥാസംഗ്രഹം

ഖാണ്ഡവദാഹത്തിങ്കൽവെച്ച് ശ്രീകൃഷ്ണാർജ്ജുനന്മാർ അഭയംകൊടുത്ത അസുരശില്പിവരനായ മയാസുരനാൽ നിർമ്മിതമായ ഇന്ദ്രപ്രസ്ഥകൊട്ടാരത്തിൽ, സത്യസന്ധന്മാരിൽ അഗ്രേസരനും സ്വർല്ലോകാധിപതുല്യനുമായ ധർമ്മപുത്രർ തന്റെ

ദാരസഹോദരാമാത്യമിത്രാദികളോടുകൂടി പരമസന്തുഷ്ടനായി ശ്രീകൃഷ്ണഭക്തിയിൽ മുഴകി പൈതൃകമായവകാശപ്പെട്ട തന്റെ രാജ്യാദ്ധ്യത്തെ പരിപാലിച്ചുകൊണ്ട് സുഖമായി വസിക്കുന്നു.

അങ്ങിനെയിരിയ്ക്കെ, ഒരിയ്ക്കൽ, തന്റെ പട്ടമഹിഷിയായ പാഞ്ചാലിയുമായി, അർജ്ജുനന്റെ ബലവീര്യം ഹേതുവായി തങ്ങൾക്ക് ലഭിച്ച ആ വിശേഷാത്തരമായ സഭാ(കൊട്ടാര)വിശേഷത്തെക്കുറിച്ച് പ്രശംസിച്ചുകൊണ്ടിരിക്കുന്നു.

ആ അവസരത്തിൽ, സ്വർഗ്ഗലോകത്തിൽനിന്നു് തന്റെ കൊട്ടാരത്തിലെത്തിയ നാരദമഹർഷിയെ കണ്ട് ധർമ്മപുത്രർ ആ ദേവമുനിശ്രേഷ്ഠനെ വണങ്ങി സൽക്കരിച്ചിരുത്തിയശേഷം അദ്ദേഹത്തിന്റെ ആഗമനകാരണം എന്തെന്നന്വേഷിയ്ക്കുന്നു.

നാരദൻ പാണ്ഡുരാജാവ് പറഞ്ഞയച്ചപ്രകാരം ധർമ്മപുത്രനോട് രാജസൂയം ചെയ്യാൻ ആവശ്യപ്പെടുന്നു. ധർമ്മപുത്രർ അക്കാര്യത്തിൽ ശ്രീകൃഷ്ണന്റെ അഭിപ്രായം എന്തായിരിയ്ക്കുമെന്നു് അറിവാൻ ആഗ്രഹിയ്ക്കുന്നു. അതിന്നു് താമസിയാതെ തന്നെ ശ്രീകൃഷ്ണനെ കൂട്ടിക്കൊണ്ടുവരാമെന്നും പറഞ്ഞുറച്ച് നാരദൻ ദ്വാരകാപുരിയ്ക്ക് യാത്രയാവുന്നു.

അക്കാലത്ത് ശ്രീകൃഷ്ണൻ തന്റെ ജ്യേഷ്ഠനായ ബലദേവനോടും മററു മിത്രപുത്രകളത്രാമാത്യാദികളോടുംകൂടി ദ്വാരകാപുരിയിൽ സുഖമായി വസിയ്ക്കുന്നു.

അന്നൊരിക്കൽ വിഹാരലോലുപനായ ബലഭദ്രൻ തന്റെ പ്രണയിനിമാരുമായി രൈവതകപർവ്വതത്തിൽ എത്തുന്നു. അങ്ങിനെ അവർ അവിടെ മധുപാനരസത്തിൽ മുഴകിക്കൊണ്ട് വിഹരിക്കുന്നു.

ആ സമയത്ത് തന്റെ മിത്രമായിരുന്ന നരകാസുരനെ കൊന്നതിൽ ശ്രീകൃഷ്ണനോടുള്ള പകവീട്ടുവാൻ തക്കംനോക്കിക്കൊണ്ടു നടക്കുന്ന വിവിദൻ എന്നൊരു വാനരശ്രേഷ്ഠൻ ആ പ്രദേശത്തെത്തുകയും ബലഭദ്രരേയും പത്നിമാരേയും കാണുകയും ചെയ്യുന്നു.

അനന്തരം, ബലഭദ്രൻ മധുപാനത്താൽ മയങ്ങിക്കിടക്കുന്നതു് കണ്ടപ്പോൾ അവൻ ബലദേവപത്നിമാരെ അപഹരിപ്പാൻ ഉത്സാഹിക്കുന്നു. അതിന്നിടക്ക് പെട്ടെന്നുണൎന്ന ബലഭദ്രൻ ആ ദുഷ്ടവാനരനെ വധിച്ച് വീണ്ടും പത്നിമാരൊന്നിച്ച് അവിടെ യഥാകാമം വിഹരിക്കുന്നു.

ഇന്ദ്രപ്രസ്ഥത്തിൽനിന്നു് പുറപ്പെട്ട നാരദൻ നേരേ ദ്വാരകയിൽ എത്തുന്നു. ശ്രീകൃഷ്ണൻ ആ ദേവമുനീന്ദ്രനെ പൂജിച്ചിരുത്തി ആഗമനോദ്ദേശമെന്തെന്നു് ചോദിക്കുകയും, അദ്ദേഹം ധൎമ്മപുത്രരുടെ ആഗ്രഹത്തെ ശ്രീകൃഷ്ണനെ അറിയിക്കുകയും ചെയ്യുന്നു. ശ്രീകൃഷ്ണൻ സസന്തോഷാദരം അതിനെ അഭിനന്ദിക്കുകയും ഉടൻ ഇന്ദ്രപ്രസ്ഥത്തിലേക്കു് പോകാനുറക്കുകയുംചെയ്തു് നാരദരെ യാത്രയാക്കുന്നു.

തത്സമയം ജരാസന്ധപീഡിതരായ (223) രാജാക്കന്മാരുടെ സന്ദേശവാഹകനായ ഒരു ബ്രാഹ്മണൻ വന്നു് ശ്രീകൃഷ്ണ

നോട്ട്", "ജരാസന്ധനെ കൊന്നു് ഞങ്ങളെ രക്ഷിയ്ക്കണം" മെന്ന രാജാക്കന്മാരുടെ അപേക്ഷ ബോധിപ്പിയ്ക്കുന്നു. ശ്രീകൃഷ്ണൻ അങ്ങിനെ ചെയ്തുകൊള്ളാമെന്നു് സത്യം ചെയ്തു് ബ്രാഹ്മണനേയും സന്തോഷിപ്പിച്ച് യാത്രയാകുന്നു.

അനന്തരം ധർമ്മപുത്രരുടെ രാജസൂയമോ, ഭക്തരക്ഷാർത്ഥം ജരാസന്ധവധമോ ഏതാണ് ആദ്യം വേണ്ടത് എന്നുള്ളതിനെക്കുറിച്ച് ശ്രീകൃഷ്ണൻ തന്റെ വിശ്വസ്തമന്ത്രിവരരായ ഉദ്ധവരുമായി ആലോചിച്ചതിൽ, രാജസൂയത്തിന്നു് സകല രാജാക്കന്മാരെയും ജയിയ്ക്കേണ്ടതാകയാൽ പ്രസ്തുത രണ്ടുകാര്യവും ഒന്നിച്ചുനടത്താമെന്ന ഉദ്ധവാഭിപ്രായത്തെ സ്വീകരിച്ച് ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു പുറപ്പെടുന്നു.

ശ്രീകൃഷ്ണൻ അവിടെചെന്നു് ധർമ്മപുത്രരുമായി കാര്യങ്ങളെല്ലാം സംസാരിച്ചുറപ്പിച്ച് അദ്ദേഹത്തിന്റെ അനുമതിയോടുംകൂടി ജരാസന്ധവധത്തിന്നായി ഭീമാർജ്ജുനന്മാരെയുംകൂട്ടി മൂന്നാളും ബ്രാഹ്മണവേഷധാരികളായി മഗധനെ സമീപിയ്ക്കുന്നു.

ജരാസന്ധൻ തന്റെ സമീപത്തുവന്ന ബ്രാഹ്മണരെ സൽക്കരിച്ച് അവരുടെ ആഗ്രഹമെന്തെന്നു ചോദിയ്ക്കുന്നു. ശ്രീകൃഷ്ണബ്രാഹ്മണൻ ജരാസന്ധനോട്ട് 'തങ്ങൾ ചോദിയ്ക്കുന്നത് തരാം എന്നു് സത്യം ചെയ്താൽ ആഗ്രഹം അറിയിച്ചുകൊള്ളാം' മെന്നു പറഞ്ഞതിനെ കേട്ടു് അഭിമാനവിജൃംഭിതനായ ജരാസന്ധൻ അങ്ങിനെ സത്യം ചെയ്യുകയും, അപ്പോൾ തങ്ങൾക്കു ദ്വന്ദയുദ്ധമാണ് ആവശ്യമെന്നു് പറയുകയും തങ്ങൾ ഇന്നിന്നവരാണെന്ന പരമാർത്ഥത്തെ ബോധിപ്പിയ്ക്കുകയും ചെയ്യുന്നു.

KOTTAYAM PUBLIC LIBRARY ★ KOTTAYAM ★

തത്സമയം അത്യാശ്ചൎയ്യസ്തബ്ധനായ ജരാസന്ധൻ അവരെ ആക്ഷേപിച്ചും പരിഹസിച്ചുംകൊണ്ടു് അവസാനം ഭീമനുമായി യുദ്ധത്തിന്നു തെയ്യാറാവുന്നു.

പതിനഞ്ചുദിവസത്തോളം നീണ്ടുനിന്ന യുദ്ധത്തിൽ ഭീമൻ തളൎന്നുകണ്ടു് ശ്രീകൃഷ്ണന്റെ ഉപദേശപ്രകാരം അൎജ്ജുനനാൽ നിൎദ്ദിഷ്ടമായ യുക്തി മനസ്സിലാക്കി (ഒരു ഇല നടുവെ ചീന്തി രണ്ടുഭാഗത്തിന്റെയും കടതലകൾ വിപരീതമാക്കിയിട്ടതു്) ഭീമൻ ജരാസന്ധനെ കീറിയെറിയുന്നു.

വഴിയേ ശ്രീകൃഷ്ണൻ ജരാസന്ധപുത്രനായ സഹദേവനെ അഭിഷേകംചെയ്തു് കാരാഗൃഹത്തിൽ കിടക്കുന്ന രാജാക്കന്മാരെയെല്ലാം മോചിപ്പിച്ചു് അവരെ രാജസൂയത്തിന്നു ക്ഷണിയ്ക്കുകയും ചെയ്തു് അവരോടെ ആശംസകളേറ്റു് സന്തുഷ്ടനായി ഭീമാൎജ്ജുനന്മാരോടുകൂടി ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു മടങ്ങുന്നു.

അവിടെ എത്തി അൎജ്ജുനൻ വിവരങ്ങളെല്ലാം സവിസ്തരം ധൎമ്മപുത്രരെ ധരിപ്പിയ്ക്കുന്നു. കാൎയ്യനിൎവ്വഹണത്തിൽ സംപ്രീതനായ ധൎമ്മപുത്രർ ശ്രീകൃഷ്ണനെ പ്രശംസിച്ചുകൊണ്ടു് കൃതാൎത്ഥതപ്പെടുന്നു. അനന്തരം ശ്രീകൃഷ്ണൻ പാണ്ഡവന്മാരോടു് യാത്രപറഞ്ഞു് ദ്വാരകയിലേക്കു മടങ്ങുന്നു. ഈയവസരത്തിൽ പാണ്ഡവന്മാർ ദിഗ്ജയം നടത്തുന്നു.

ശ്രീകൃഷ്ണൻ ദ്വാരകയിലെത്തി തന്റെ സ്വല്പദിവസവിരഹത്താൽ പരവശമാരായ പ്രിയതമമാരെ സാന്ത്വനംചെയ്തു് സന്തോഷിപ്പിച്ചു് താമസിയാതെത്തന്നെ സ്വജനപരിവാര

സമേതം രാജസൂയത്തിന്നായിക്കൊണ്ടു് വീണ്ടും ഇന്ദ്രപ്രസ്ഥത്തിലേക്കു പുറപ്പെടുന്നു.

അങ്ങിനെ പതിനെട്ടുമാസത്തോളം നീണ്ടുനില്ക്കുന്ന ആ രാജസൂയയജ്ഞം ആരംഭിക്കുവേ തന്റെ ഉററമിത്രമായ ജരാസന്ധന്റെ വധത്തിൽ അമർഷംപൂണ്ട ശിശുപാലൻ പാണ്ഡവന്മാരോടു് പ്രതികാരം ചെയ്യേണ്ടതെങ്ങിനെയാണെന്നതിനെപ്പററി കാരൂഷരാജാവായ തന്റെ അനുജൻ ദന്തവക്ത്രനുമായി ആലോചിക്കുന്നു. രാജസൂയത്തിങ്കൽ വെച്ചുതന്നെ പകരം വീട്ടുവാൻ അവസരം കിട്ടും എന്ന അവന്റെ അഭിപ്രായത്തോടുകൂടി രണ്ടാളും പരിവാരസമേതം ഇന്ദ്രപ്രസ്ഥത്തിലേക്കു പുറപ്പെടുന്നു.

അവിടെ ധർമ്മപുത്രർ ശ്രീകൃഷ്ണനു് അഗ്രപൂജ നല്കുന്നതു കണ്ടു് അസൂയാഹങ്കാരാമർഷോന്മത്തനായ ശിശുപാലൻ പാണ്ഡവാദികളേയും ശ്രീകൃഷ്ണനേയും അതികഠിനമായി ആക്ഷേപിക്കുന്നു.

അതുകണ്ടു് പൊറുക്കാനാവാത്ത അർജ്ജുനൻ പെട്ടെന്നു് ശിശുപാലനോടു് യുദ്ധത്തിന്നു് നേരിടുന്നു. യുദ്ധമദ്ധ്യേ ശ്രീകൃഷ്ണൻ വിശ്വരൂപം ധരിച്ചു് തന്റെ സുദർശനംകൊണ്ടു് ശിശുപാലകണ്ഠത്തെ മുറിക്കുന്നു.

തൽസമയം ഭീഷ്മാദികളും ദേവർഷികളും ഭക്തിപൂർവ്വം ഭഗവാനെ സ്തുതിക്കുന്നു.

അനന്തരം നിർവ്വിഘ്നമാകുംവണ്ണം രാജസൂയയജ്ഞകർമ്മ

ങ്ങൾ പൂർത്തീകരിച്ച് ശ്രീകൃഷ്ണൻ ധർമ്മപുത്രരെ ആശംസിക്കുന്നതോടുകൂടി പ്രസ്തുത കഥ അവസാനിക്കുന്നു.

## മൂലകഥകൾ

ഈ കഥ ഭാരതത്തിൽ സഭാപർവ്വം ആദ്യഭാഗത്തിലും, ഭാഗവതത്തിൽ ദശമം ഉത്തരാദ്ധത്തിൽ 67, 70 മുതൽ 74 കൂടി ആകെ ആറ് അദ്ധ്യായങ്ങളിലായിട്ടുമാണ് വിവരിച്ചിരിക്കുന്നതു്. 67ഉം 74ഉം അദ്ധ്യായങ്ങൾക്കിടയിലുള്ള 68-ാം അദ്ധ്യായത്തിൽ സാംബോദ്വാഹത്തേയും, 69-ാം അദ്ധ്യായത്തിൽ നാരദൻ ശ്രീകൃഷ്ണനെ സംബന്ധിച്ച് നടത്തിയ പരീക്ഷണത്തിൽ പരാജയപ്പെട്ടതിനേയും (നാരദവിമോഹനം), 70-ാം അദ്ധ്യായത്തിന്റെ ആദ്യഭാഗത്തിൽ ശ്രീകൃഷ്ണന്റെ ദിനചര്യയേയും കുറിച്ചാണ് വിവരിക്കുന്നതു്. മേൽപ്പറഞ്ഞ സാംബോദ്വാഹം ദുര്യോധനപുത്രിയായ ലക്ഷ്മണയെ ശ്രീകൃഷ്ണപുത്രനായ സാംബൻ അന്യരാജാക്കന്മാരിൽനിന്നു് അപഹരിച്ച കഥയാണ്. അതു് "ലക്ഷ്മണാസ്വയംബരം" എന്ന പേരിൽ കരയംവെട്ടത്തു് സുകുമാരപിള്ളയാൽ ആട്ടക്കഥയായി എഴുതപ്പെട്ടിട്ടുള്ളതു് അച്ചടിപുസ്തകത്തിൽ കാണാവുന്നതുമാണ്.

## വ്യതിയാനങ്ങൾ :

എന്നാൽ മഹാഭാരതത്തിലും, രാമാനുജഭാരതത്തിലും, ഭാഗവതത്തിലുമായി രാജസൂയംകഥയ്ക്കു് കുറച്ചുചില വ്യത്യാസങ്ങളുണ്ടു്.

ധർമ്മപുത്രരുടെ സഭാപ്രവേശത്തെപ്പററി ഭാഗവതത്തിൽപറയുന്നില്ല. വിവിദവധം രണ്ടുഭാരതത്തിലുമില്ല. ആദ്യമേത്തന്നെ ധർമ്മപുത്രാദികളുടെ സ്വയമായ രാജസൂയാലോചന മഹാഭാരതത്തിലും ഭാഗവതത്തിലും ഇല്ല; അതു് രാമാനുജഭാരതത്തിലുണ്ടു്. മഹാഭാരതത്തിൽ രാജാക്കന്മാരുടെ സന്ദേശവാഹകനേയില്ല. ഭാഗവതത്തിലും രാമാനുജഭാരതത്തിലും അതുണ്ടെങ്കിലും, രാ. ഭാരതത്തിൽ അതു് ബ്രാഹ്മണനാണ്, ഭാഗവതത്തിൽ കേവലം ഒരു ദൂതൻ എന്നാണ്. ഭാഗവതത്തിൽ നാരദനുമുമ്പേ കൃഷ്ണനേ സമീപിയ്ക്കുന്നതും ആ ദൂതനാണ്. രണ്ടാമതാണ് നാരദാഗമനം. രാജസൂയത്തേയും ജരാസന്ധവധത്തേയും കുറിച്ച് ശ്രീകൃഷ്ണന്റെ ഉദ്ധവരുമായുള്ള മന്ത്രാലോചന മഹാഭാരതത്തിൽഇല്ല. ജരാസന്ധപുത്രനായ സഹദേവനെ അഭിഷേകം ചെയ്യുന്നത് യുദ്ധത്തിന്നു് തയ്യാറാവുന്ന ജരാസന്ധൻതന്നെയാണെന്നാണ് മഹാഭാരതത്തിൽ പറയുന്നതു്; മറേറതിൽ ശ്രീകൃഷ്ണനെന്നും. ജരാസന്ധവധാനന്തരം രാജസൂയത്തിന്നു് മുമ്പായുള്ള ശ്രീകൃഷ്ണദ്വാരകാഗമനം ഭാഗവതത്തിൽ പറയുന്നില്ല; പിന്നീടു് രാജസൂയം കഴിഞ്ഞേ പോകുന്നുള്ളു. ശിശുപാലവധാവസരത്തിലെ വിശ്വരൂപദർശനം മഹാഭാരതത്തിലും ഭാഗവതത്തിലും പറയുന്നില്ല. എന്നാൽ ശ്രീകൃഷ്ണൻ സുദർശനത്തെ ധ്യാനിച്ച തന്റെ ഹസ്തത്തിൽ പ്രത്യക്ഷമാക്കിയെന്നു് മഹാഭാരതത്തിൽ പറയുന്നു. ഇങ്ങിനെ ഗ്രന്ഥാന്തരങ്ങളായ ചില വ്യത്യാസങ്ങൾ ഈ കഥയെ ബാധിയ്ക്കുന്നുണ്ടു്. ആ വ്യത്യാസം കഥാരംഭത്തിൽത്തന്നെ ഉണ്ടുതാനും. സ്വതവേ രാജസൂയം കഥയുടെ ആരംഭം ഭാഗവതപ്രകാരം ബലഭദ്രന്റെ രൈവതപ്രവേശം മുതല്ക്കും മഹാഭാരതപ്രകാരം ധർമ്മപുത്രരുടെ സഭാപ്രവേശം മുതല്ക്കുമാണ്.

## അടിസ്ഥാനഗ്രന്ഥം

ഇതിൽ കവി തന്റെ കൃതിയെ ഭാരതത്തിൽനിന്നു് ആരംഭിച്ച് ഭാഗവതത്തിലൂടെ കടത്തി വീണ്ടും ഭാരതത്തിൽ കൊണ്ടുവന്നവസാനിപ്പിച്ചിരിക്കുകയാണു്. ബലഭദ്രന്റെ രൈവത പ്രവേശവും വിവിദവധവും മുൻവിവരിച്ച ഭാഗവതം 67-ാം അദ്ധ്യായമാണു്. അവിടെ ബലഭദ്രന്റെ ഗാനകോലാഹലം കേട്ടിട്ടാണത്രെ വിവിദൻ ചെന്നണഞ്ഞതു്. ശേഷമുള്ള കഥാംശങ്ങളെല്ലാം ഭാരതത്തിലേതുതന്നെ. എങ്കിലും അധികഭാഗവും നോക്കുമ്പോൾ മഹാഭാരതത്തിനേക്കാൾ അടുപ്പം ഈ ഗ്രന്ഥത്തിന്നു് രാമാനുജഭാരതത്തിനോടാണെന്നു കാണാം. നോക്കുക: പാണ്ഡുരാജാവിൻെറ താല്പര്യപ്രകാരം ധർമ്മപുത്രരോടു് രാജസൂയം ചെയ്യേണമെന്നു് അറിയിക്കാൻ ചെന്ന നാരദനോടു് ആദ്യമായിത്തന്നെ ധർമ്മപുത്രർ തന്റെ ആ ആഗ്രഹത്തെ അറിയിച്ചപ്പോൾ നാരദനുണ്ടായ ആഹ്ലാദത്താൽ,

"ചിന്തിച്ചു മന്ദസ്മിതംചെയ്തു വീണതൻ
തന്ത്രി വിരൽകൊണ്ടു മെല്ലെന്നിളക്കിനാൻ"

എന്നു് തുഞ്ചത്താചാര്യൻ പറഞ്ഞിട്ടുള്ളതിനേപ്പോലും കവി നാരദനും ധർമ്മപുത്രരും ആയുള്ള രംഗാവസാനത്തിൽ,

ഇതിമധുരിപുഗീതൈതെന്നാരദൻ വീണവായി-
ച്ചതികുതുകമിയന്നു വിസ്മയപ്പെട്ടുരാജാ

എന്നു് ശ്ലോകാന്തർഗ്ഗതമാക്കിയിട്ടുണ്ടെന്നു് തോന്നുന്നു. ഏതായാലും കവി പ്രധാനമായി സ്വീകരിച്ചിരിക്കുന്നതു് കിളി

പ്പാട്ടഭാരതമാണെന്നു് അതിൻെറ ദൃഷ്ടാന്തങ്ങളെക്കൊണ്ടു് പ്രത്യക്ഷപ്പെടുന്നുണ്ടു്.

## നായകാദികളും രസവും

വിശിഷ്ടഗുണങ്ങളൊത്ത ധീരോദാത്തനായകൻ (ധമ്മപുത്രർ), ധീരോദ്ധതന്മാരായ ഉപനായകപ്രതിനായകന്മാർ (ജരാസന്ധശ്ശിശുപാലാദികൾ), പ്രശസ്തഗുണപ്രഖ്യാതന്മാരായ സഹായികൾ (ശ്രീകൃഷ്ണഭീമാർജ്ജുനാദികൾ), വീരരസപ്രധാനം എന്നിവയാണു് ഈ കഥയെ അവലംബിച്ചുള്ള ഗുണങ്ങൾ.

## കവനസിദ്ധി

ഇതിൻെറ സാഹിത്യവശത്തെക്കുറിച്ചു് ചിന്തിയ്ക്കുവാനുള്ള മാനദണ്ഡം സഹൃദയന്മാരായ പണ്ഡിതന്മാർ പക്കലാണിരിയ്ക്കുന്നതു്. എങ്കിലും ഒരു കാര്യം തീർത്തുപറയാം. കഥകളിസ്സംമ്പ്രദായത്തിൽ അതിൻെറ എല്ലാ വ്യവസ്ഥകളോടും കൂടി ഭംഗിയായി പ്രകടിപ്പിക്കത്തക്ക ഗുണങ്ങളുള്ളവയാണു് പദങ്ങളെല്ലാംതന്നെ. അതു് ഒരു മെച്ചംതന്നെയാണു്.

## മററ വിശേഷത

സാധാരണ അച്ചടിപുസ്തകംപോലെ (ശ്രീ. കെ. പി. എസ്സ്. മേനോൻെറ ‘‘ആട്ടപ്രകാരം’’ ഒഴിച്ചു്) പദങ്ങളും, രാഗങ്ങളും, താളങ്ങളും, ശ്ലോകാദികളും മാത്രമല്ല, അതാതുപാത്രങ്ങളുടെ അത്യാവശ്യമായ ആട്ടക്രമങ്ങൾ, രംഗപ്രകടനവ്യ

വസ്ഥകൾ, ശ്ലോകങ്ങളേയും പദങ്ങളേയും സംബന്ധിച്ചുള്ള ഒരു പദാൎത്ഥാവലി എന്നീ വിഭാഗങ്ങളെല്ലാം ഈ പുസ്തകത്തിൽ യഥാവിധം ചേൎത്തിട്ടുണ്ടു്. അതൊരു പ്രത്യേകവിശേഷതയാണ്.

## ഗ്രന്ഥദൌൎല്ലഭ്യം

കഥകളിക്കു് ഇത്രയും പ്രചാരം സിദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് വടക്കൻ രാജസൂയം ഒരു പുസ്തകം വേണം എന്നു് ഒരാൾ വിചാരിക്കുന്നു എങ്കിൽ ഇന്നു് അതു് കിട്ടാറായി. ഇതിന്നുമുമ്പ് ഈ കഥ അച്ചടിപ്പിച്ചിട്ടുണ്ടെങ്കിലും അതു് സുമാർ 52 കൊല്ലം മുമ്പാണ്. അതായതു് വിദ്വാൻ കോമ്പിഅച്ചൻ എന്നു് തിരുനാമമായ പാലക്കാട്ടു് ശേഖരിവൎമ്മ വലിയതമ്പുരാൻ അവർകൾ 1038ൽ എഴുതിയ നീലാസുരവധം, സിംഹാവതാരം എന്നീ കഥകളും, പാലക്കാട്ടു് കൊടുവായൂർ ഗ്രാമത്തിൽ അമൃതശാസ്ത്രികൾ എഴുതിയ ഇന്നത്തെ ലവണാസുരവധവും, കുതിരവട്ടത്തു് നായരാൽ എഴുതപ്പെട്ട വടക്കൻ കിരാതവും, കല്ലൂർ നമ്പൂതിരിപ്പാട്ടിലെ ബാലിവിജയവും ആറാമതേതതായി ഈ വടക്കൻ രാജസൂയവും കൂട്ടിച്ചേൎത്തു് ഒരു പുസ്തകമാക്കി പ്രസ്തുത വലിയതമ്പുരാൻ അവർകൾതന്നെ 1912ൽ പാലക്കാട്ടു് "കാമ്പ്രം ബ്രദേർസ്" എന്ന പ്രസ്സിൽ ഒരു പതിപ്പ് അച്ചടിപ്പിച്ചു് പ്രസിദ്ധീകരിക്കുകയുണ്ടായിട്ടുണ്ടു്. പക്ഷെ അതിൻെറ ഒരൊററ കോപ്പിപോലും ഇന്നു് കിട്ടാനില്ല. വിധിവശാൽ ഒരു കോപ്പി എൻെറ പക്കൽ ഉണ്ടായിരുന്നുവെന്നു് പറയട്ടെ! ആ പുസ്തകം ശ്രീമാൻ കലാമണ്ഡലം കൃഷ്ണൻകുട്ടിപ്പൊതുവാളുടെ ദൃഷ്ടിയിൽ പെടുകയാലാണ് ഇന്നു

വീണ്ടും ഇങ്ങനെ ഒരു പുസ്തകത്തിന്റെ ആവിർഭാവം കഥകളി ലോകത്തിന്നു് സിദ്ധിച്ചതു്.

അതുകൊണ്ടു് ആദ്യമേ വിവരിച്ച വിധത്തിൽ, 1912നു ശേഷം കഥകളിഗ്രന്ഥാവലിയിൽനിന്നു് സ്മൃതിസീമയ്ക്കപ്പുറത്തേയ്ക്കു് ഭ്രംശിച്ചു്, കാടുകെട്ടി മൂടിക്കിടന്നിരുന്ന ഈ കഥയെ തിരഞ്ഞുപിടിച്ചു്, ഇത്തരത്തിലൊരു പുസ്തകമാക്കി കഥകളിയ്ക്കു് ഒരു മുതൽക്കൂട്ടായി സംഭാവനചെയ്തതിൽ ശ്രീ പൊതുവാൾ സഹൃദയലോകാഭിനന്ദനത്തിന്നു് പ്രത്യേകിച്ചും അർഹനായിരിയ്ക്കുന്നു.

അങ്ങിനെയുള്ള ഈ പുസ്തകത്തെ ഞാൻ ആശംസാപൂർവ്വം ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

കലാമണ്ഡലം
19—1—1964

വാഴേങ്കട കുഞ്ചുനായർ

KOTTAYAM PUBLIC LIBRARY * KOTTAYAM *

# വടക്കൻരാജസൂയം

## വന്ദനശ്ലോകം

ലോകാനന്ദചിതംബരേശ കൃപയാ
കീർത്തിം കലാകേളിഭിഃ
പ്രാപ്തംതം ബഹുമാനിതം നൃപവരൈർ
ന്നാമ്നാച ദാമോദരം
പുഷ്പോദ്യാനഗൃഹസ്ഥഭൃസുരവരം
ശിഷ്യൈസമസ്തൈർവൃതം
വന്ദേയോഗഗുരും സദാ മമ ഗുരും
രംഗേ ജഗന്മോഹനം

## പുറപ്പാട്

### ധൎമ്മപുത്രരും, പാഞ്ചാലിയും

ശ്ലോകം 1
ഭൈരവി, ചെമ്പട

സ്വർല്ലോകാധിപതുല്യനാം നൃപവരൻ,
ധൎമ്മാത്മജൻ, സോദരൈ-
ൎമ്മല്ലാരേശ്വരണാബ്ജഭക്തിനിപുണൻ,
കല്യാണവാരാന്നിധി,
സല്ലീലം നിജഭാൎയ്യയാ രുചിരയാ
പാഞ്ചാലപുത്ര്യാ മുദാ
സോല്ലാസം നിജമന്ദിരേ സകുതുകം
രേമേസരാമോയഥാ.

പദം 1

ഇന്ദുകുലാംബുനിധി — ചന്ദ്രനാം ധൎമ്മജൻ *
ഇന്ദ്രപ്രസ്ഥേ വാണീടിനാ — നിന്ദ്രനെന്നപോലെ
വൃന്ദാരകതുല്യന്മാരാം — സോദരന്മാരോടും
സുന്ദരിയാം കൃഷ്ണയോടും — ചേൎന്നു ശോഭിക്കുന്നു.
ദേവദേവനാകും വാസു — ദേവനെ നിയതം
സേവ ചെയ്തു ഭക്തിയോടെ — മേവിടുന്നു നിത്യം
മിത്രപൌത്രനാമജാത — ശത്രുതാൻ ഗുണാപ്ത-
മിത്രവൎഗ്ഗത്തോടു ചേൎന്നു — ധാത്രിയിൽ വിളങ്ങി.

---

* പുറപ്പാടിൽ ചരണത്തിന്റെ ഇടയ്ക്കും തലയ്ക്കും ആയിരിയ്ക്കും കലാശങ്ങൾ. അതിനാൽ അടയാളപ്പെടുത്തീയിട്ടില്ല.

## രംഗം 1

ധർമ്മപുത്രരും, പാഞ്ചാലിയും.
തോടി - ചെമ്പട.

അഥധർമ്മതനൂജജനേകദാ
മൃദുശീലാം ദ്രുപദാത്മജാം മഹാത്മാ
മയനിർമ്മിതയാം സഭാം സമീക്ഷ്യ
ദയിതാമേവ മുവാചസാന്ദ്രമോദാം

[ധർമ്മപുത്രരും പാഞ്ചാലിയും കൈകോർത്തുപിടിച്ച് പ്രവേശിക്കുന്നു:— പതിഞ്ഞ കിടതികിധിം താം.]

പദം 2

ധർമ്മപുത്രർ

"ധന്യേ ബാലികേ പാഞ്ചാല — കന്യേ ദേവനാരീജന—
മാന്യേ മമ സന്നിധൌ നീ — വന്നീടുകമോദാൽ ||
പാർത്ഥിവന്മാരഖിലവും — ആർത്തരായി സ്വയംവരേ
പാർത്ഥവൈഭവത്താൽ നീയും - പ്രാപ്തയായി ഞങ്ങൾക്കു് ||
പാർത്ഥനാൽ പരിപാലിതനാം- ദൈത്യേന്ദ്രനാം മയൻതീർത്ത
ഉത്തമയാം സഭാംകാൺക- മത്തേ ഭഗമനേ ||
ചിത്രമണിസ്ഥലചാരു- രത്നസ്തംഭങ്ങളിൽ ബഹു
കൃത്രിമരൂപങ്ങൾ കണ്ടാ ലെത്രയും മനോജ്ഞം ||
അത്രജലസ്ഥലഭ്രാന്തി- ചേർത്തസഭാവൈചിത്ര്യത്തെ
വാഴ്ത്താവതല്ലനന്തനും- വ്യക്തമായ് കാൺക" ||

പദം 3

എരിക്കലക്കാമോദരി — ചെമ്പട.

പാഞ്ചാലി

"നൃപവരമഹാമതേ, — ശൃണുമാമക വചനം,
നൃപതികുലധർമ്മപര, — നീതിഗുണജലധേ! ||
ധർമ്മസുത, മമ കാന്താ, — നിർമ്മലമതേ, സുശീല,
മന്മഥസമാന, തവ — ധർമ്മമതിവേലം ||
വിസ്തൃതയാം സഭാ തന്നിൽ—വിസ്മയങ്ങൾ കാണുന്നേരം
വൃത്രവൈരിപുരത്തേക്കാ — ളെത്രയും മനോജ്ഞം ||
സൃഷ്ടികർത്താവാകും മയൻ — സൃഷ്ടിച്ചോരുസഭാ
ദൃഷ്ടികൾക്കും മനസ്സിന്നും — തുഷ്ടിയെ നൽകുന്നു ||
പാർത്ഥനുടെ പരാക്രമം — പാർത്തുകാൺകിലിവയെല്ലാം
പത്മനാഭൻ തന്നുടയ — പരമകൃപയല്ലൊ" ||

ആട്ടം

ധർമ്മപുത്രർ

"അല്ലയോ സുന്ദരീരത്നമേ! മയൻെറ സൃഷ്ടികൌശലം അത്ഭുതകരംതന്നെ. ഇതാ നോക്കു ഈ സഭാഗൃഹം എത്രമാത്രം മനോഹരമായിരിക്കുന്നു?"

പാഞ്ചാലി

"അവിടുന്നു പറയുന്നതു് ശരിതന്നെ. ബ്രഹ്മാവിന്നു തുല്യനാണ് മയൻ എന്നെനിക്കു തോന്നുന്നു. അല്ലെങ്കിൽ ഇ പ്രകാരം പുതിയ ഒന്നു് സൃഷ്ടിക്കാൻ കഴിയുമോ?"

ധർമ്മപുത്രർ

"അതുകൊണ്ടുതന്നെയാണ്, മയനോടു കല്പിച്ചതു്, സഭാഗൃഹം പണിയാൻ. ഒരു രാജാവിനു ചേർന്നവിധം അയാൾ പണിചെയ്തു."

പാഞ്ചാലി

"നമുക്കു ഇതിലെ താമസസുഖം അനുഭവിക്കാൻ ഭാഗ്യമുണ്ടാകട്ടെ. അരക്കില്ലത്തിന്റെ അനുഭവം അങ്ങേക്കില്ലേ? ആ ദുര്യോധനാദികൾമൂലം എന്തെല്ലാം അനുഭവിക്കേണ്ടിവരുമോ ആവോ!"

ധർമ്മപുത്രർ

"എന്തിനു ദുര്യോധനാദികളെപ്പറയുന്നു? നമ്മുടെ തലയിലെഴുത്തുതന്നെ. വരാനുള്ളതെല്ലാം വരും. ശ്രീകൃഷ്ണന്റെ കരുണമാത്രമേ നമുക്കു ആശ്രയമുള്ളു. ആവട്ടേ, ഈ സഭാഗൃഹം ഒന്നുകൂടി ചുററിനടന്നുകാണാം, വരൂ."

(കൈ കോർത്തു പിടിച്ചു് നടക്കുന്നു. ഒരു ശില്പം കണ്ടിട്ട്)

ധർമ്മപുത്രർ

"ഇതാ ഇതു നോക്കു. ഒരു മഹാരാജാവ് യാഗം ചെയ്യുന്നു. മററനവധി രാജാക്കന്മാരുണ്ടു്, അനേകം മഹർഷിമാരുണ്ടു്, ബ്രാഹ്മണരുണ്ടു് നോക്കു."

പാഞ്ചാലി

"ഈ ശില്പം വളരെ നന്നായിരിക്കുന്നു."

(വീണ്ടും നടന്നുനോക്കുന്നു. മറെറാരു ചിത്രത്തിൽനോക്കി ഭയംപൂണ്ടു്)

പാഞ്ചാലി

“ഇതാ രാമരാവണയുദ്ധം! ഈ ചിത്രത്തിലേയ്ക്കു നോക്കുമ്പോൾ എനിക്കു ഭയമാവുന്നു.”

(രണ്ടുപേരും ശ്രീരാമനെ വന്ദിച്ച് വീണ്ടും നടക്കുന്നു. ഒരു വെളിച്ചം അവിടെയെല്ലാം വ്യാപിച്ചതായിക്കണ്ടു് ഒന്നുകൂടി മുമ്പോട്ടുവന്നു് ചുററുംനോക്കുമ്പോൾ ആകാശത്തിൽനിന്നു ഒരു തേജസ്സ് ഇറങ്ങിവരുന്നതായിക്കാണുന്നു.)

ധർമ്മപുത്രർ,

“ആകാശത്തിൽ ഒരു ശോഭ കാണുന്നതെന്താണു്?”

പാഞ്ചാലി,

(സൂക്ഷിച്ചുനോക്കി) ‘ശരച്ചന്ദ്രൻ ഉദിച്ചുപൊങ്ങുകയാണോ?”

ധർമ്മപുത്രർ,

“ഏയ് അല്ല. ഐരാവതം ഇറങ്ങിവരികയല്ലേ?”

പാഞ്ചാലി,

“ഗംഗാനദി ഒഴുകിവരികയാണ്”

ധർമ്മപുത്രർ,

“അതൊന്നുമല്ല, ഈ ശോഭയുടെ മദ്ധ്യത്തിൽ കരചരണാദി അംഗങ്ങൾ കാണുന്നു. (സൂക്ഷിച്ചുനോക്കി) ജട കെട്ടിവെച്ചിരിയ്ക്കുന്നു, ഭസ്മംപൂശിയിരിയ്ക്കുന്നു, കയ്യിൽ വീണയും ധരിച്ചിരിയ്ക്കുന്നു.

പാഞ്ചാലി,

(അത്ഭുതത്തോടെ) "നാരദമഹഷിയല്ലേ?"

ധർമ്മപുത്രർ,

"അതെയതെ, ശ്രീ. നാരദമഹഷിതന്നെ. (സന്തോഷവും പരിഭ്രമവും പൂണ്ട്) ഭവതി പാദപൂജയ്ക്ക് വേണ്ടതെല്ലാം ഒരുക്കു. ഞാൻ ഇദ്ദേഹത്തെ എതിരേററുകൊണ്ടുവരട്ടെ. പൊയ്ക്കോളൂ."

(ധർമ്മപുത്രർ പാഞ്ചാലിയെ വിളിച്ച്, നാരദൻെറ വരവ് നോക്കിനോക്കി പതുക്കെ മാറുന്നു.)

തിരശ്ശീല

## രംഗം 2

ധർമ്മപുത്രരും, നാരദരും.

മുഖാരി — അടന്ത 1

ഇത്ഥം തത്ര യുധിഷ്ഠിരൻ ദയിതയാ
മോദേന വാഴും വിധൌ
വൃത്രാരാതിപുരാൽ സനാരദമുനി
സ്സംപ്രാപ്തവാൻ തൽപുരേ
സുത്രാമാവിനു തുല്യനാംനൃപവരൻ
ഭക്ത്യാമുനീന്ദ്രം തദാ

---

1 ഗ്ര. പാ. മുഖാരി പഞ്ചാരി.

നത്വാപ്രീതിപുരസ്സരം സകുശല—
പ്രശ്നാദിഭിഃ പ്രോചിവാൻ

തിരതാഴ്ത്തിയാൽ വലത്തുഭാഗത്തിരിയ്ക്കുന്ന ധർമ്മപുത്രർ പ്രവേശിയ്ക്കുന്ന നാരദനെക്കണ്ടു് വന്ദിച്ച് എതിരേററുകൊണ്ടു പോന്നിരുത്തി കുമ്പിട്ടശേഷം പദം ആടുക.)

പദം 4

ധർമ്മപുത്രർ,

"താപസോത്തമാ – നമോസ്തുതേ
താപസോത്തമാ…………………… ‖
ഭൂപതിസംജ്ഞയാ – മേവുന്ന നമ്മുടെ
പാപങ്ങളെല്ലാം .. മകന്നിതു നിർണ്ണയം
പാവനമായ്‌വന്നു – മാമക വംശവും
താവകദർശനാ – ലിന്നു മഹാമുനേ. ‖
എങ്ങുനിന്നിപ്പോ – ളെഴുന്നള്ളത്തെന്നതും
സംഗതിയെന്തെന്ന – തുമരുൾചെയ്യേണം
മംഗലം ലോകങ്ങൾ – ക്കെപ്പോഴും നല്കുവാ–
നിങ്ങനെയാരാനു – മുണ്ടോ ശിവശിവ" ‖

പദം 5

സൌരാഷ്ട്രം, ത്രിപുട 2

നാരദൻ

പല്ലവി — "ഭൂപതേസ്തു ഭൂരിമംഗളം
ഭൂപതേ…………………… ‖

---

2. ഗ്ര. പാ. നാരദന്റെ പദത്തിനു പ്രത്യേകം രാഗമില്ല, താളം അടന്ത ഇടവട്ടം.

ചരണങ്ങൾ — ശ്രീപതിഭക്തരിൽ - മുമ്പനാകും തവ
പാപങ്ങളുണ്ടോ - ഭവിയ്ക്കുന്നു പാണ്ഡവാ?
പാകാരിതുല്യരാം - സോദരന്മാരോടും
വാഴ്കഭുവി മഹാ - കീർത്ത്യാ ചിരകാലം ॥

പാണ്ഡുമഹാരാജൻ - സ്വർഗ്ഗത്തിങ്കൽനിന്നു
പാണ്ഡവനിന്നോടു - ചൊൽവാനൊരുകാര്യം
പുണ്യവാനെന്നോടു - ചൊൽകയാൽ മോദേന
വിണ്ണിൽനിന്നാശു - വരുന്നിതു ഞാനെടൊ" ॥

"രാജായുധിഷ്ഠിര - നെന്നുടെ നന്ദനൻ
രാജസൂയംചെയ്തു - വേണമെല്ലാംകൊണ്ടും
രാജാഹരിശ്ചന്ദ്ര - നിന്നും സുരലോകേ
രാജസൂയം ചെയ്തു - യാലെ വിളങ്ങുന്നു" ॥

എന്നുള്ളവൃത്താന്ത - മെന്നോടുചൊല്ലുവാൻ
വന്നിതു ഞാനെ - ന്നറികമഹാമതേ
ഇന്നിതു ചെയ്യതി—നേതും മടിയ്ക്കേണ്ട
ധന്യമതേ മഹാ—ഭാഗ്യവാനല്ലൊനീ ॥

## പദം 6

പന്തുവരാളി, ചെമ്പട 3

ധർമ്മപുത്രർ

മുഖ്യമായുള്ളോരു—രാജസൂയം ചെയ്വാൻ
പുഷ്കരനേത്രൻ—തിരുമനസ്സെന്തുവാൻ?

---

3. ഗ്ര. പാ. മുഖാരി, പഞ്ചാരി

ഇക്കാലം ദ്വാരക—യ്ക്കുണ്ടോ തവഗതി
പക്ഷെ നിരൂപിക്കു—വേണം മഹാമുനേ ॥

പദം 7

ശഹാന - മുറിയടന്ത 4

നാരദൻ

ധർമ്മതനുജ ഞാൻ—ദ്വാരകപുക്കുടൻ
നിർമ്മലമൂത്തിയോ— ടെല്ലാമുണത്തിച്ചു
സമ്മതമോടു മു—കുന്ദനുമായ് മുദാ
നിർമ്മലമാനസാ—വന്നീടാം വൈകാതെ ॥

ആട്ടം

(നാരദനെ വന്ദിച്ച് ബഹുമാനപൂർവ്വം)

ധർമ്മപുത്രർ,

“അല്ലയോ മഹർഷേ! രാജസൂയം ചെയ്ത് സ്വർഗ്ഗസുഖമനുഭവിക്കാനുള്ള ഭാഗ്യം ഈയുള്ളവനുണ്ടോ?”

നാരദൻ,

“രാജശ്രേഷ്ഠനായ ഭവാനേപ്പോലെ രാജസൂയയാഗം ചെയ്യാൻ അർഹരായവർ മററാരാണ് ഭൂമിയിലുള്ളത്? എപ്പോഴും ഭഗവാനെ ഭജിക്കുക അഭീഷ്ടം സാധിക്കും”

---

4. ഗ്ര. പാ. ഠ.........

ധർമ്മപുത്രർ,

“എല്ലാം അവിടുത്തെ അനുഗ്രഹം”

നാരദൻ,

“എന്നാൽ ഞാൻ ശ്രീകൃഷ്ണന്റെ അടുക്കലേക്കുപോകട്ടെ.”

ധർമ്മപുത്രർ,

“അപ്രകാരംതന്നെ.”

(നാരദൻ യാത്രയാവുന്നു, ധർമ്മപുത്രർ വന്ദിച്ച് യാത്രയാക്കുന്നു.)

തിരശ്ശീല

ഇടശ്ലോകം 4

ഇതിമധുരിപുഗീതൈർന്നാരദൻ വീണവായി-
ച്ചതികുതുകമിയന്നു വിസ്മയപ്പെട്ടു രാജാ
യദുപതിമരുവീടും ദ്വാരകാം നോക്കിമന്ദം
ഗഗനപഥിഗമിച്ചു, കൃഷ്ണരാമേതിജല്പൻ

## രംഗം 3

ശ്രീകൃഷ്ണനും ഭാര്യമാരും

പകുതിപ്പുറപ്പാട്

ശ്ലോകം · 5

ശങ്കരാഭരണം, ചെമ്പട.

അക്കാലം ദ്വാരകായാം പുരിയിലഖിലലോ—
കേശ്വരൻ വാസുദേവൻ
വിഖ്യാതൈർ മന്ത്രിമുഖൈരഖിലഭുവനവും
പാലനം ചെയ്തുമോദാൽ
ഭക്താനാമിഷ്ടദായീ നിജപിതൃജനനീ
ഭ്രാതൃദാരാത്മജാദ്യൈ-
സൌഖ്യം വാഴുന്നു പാലാഴിയിൽ മലർമകളോ-
ടൊത്തുതാനെന്നപോലെ

പദം 8

ദേവദേവൻ – വാസുദേവൻ
ദേവകീ – നന്ദനൻ
രേവതീശനോടും നിജ – സേവകന്മാരോടും
ഭക്തരായ് മേവീടുംപാണ്ഡു – പുത്രന്മാക്കുളവാം
ആർത്തികളശേഷംതീർത്തു – കീർത്തിവർദ്ധിപ്പിപ്പാൻ
ബുദ്ധിമാന്മാരിലധികം – ഉത്തമനായീടും
ഉദ്ധവർ തന്നോടുംകൂടി ഓർത്തുകല്പിക്കുന്നു

സുന്ദരിമാരാകും ദാര - വൃന്ദങ്ങളുമായി
നന്ദസുതൻദ്വാരകയാം - മന്ദിരേ വിളങ്ങി

## രംഗം 4

ബലഭദ്രനും, ഭാര്യമാരും

ശ്ലോകം 6

കാമോദരി - ചമ്പ

തദനുസബലഭദ്രൻ കാന്തമാരോടുമൊന്നി-
ച്ചതിമദനശരാർത്ത്യാരൈവതം പുക്കമോദാൽ
മധുരമധുമനോജ്ഞം പായയിത്വാച പീത്വാ
മതിസമമുഖിമാരോട്ടുചിവാൻ വാചമേവം

(ബലഭദ്രൻ, ഭാര്യമാരുടെ കൈകോർത്തുപിടിച്ച് പ്രവേശിക്കുന്നു. പരിഞ്ഞകിടതികിധിം താം)

പദം 9

ബലഭദ്രൻ

പല്ലവി

ഇന്ദുമുഖിമാർനിങ്ങ—ളിന്നു മമ ഭാഷിതം
നന്ദിയോടെ കേൾക്ക - സരസം ||

അനുപല്ലവി

കന്ദർപ്പവീര - നെന്നുടലശേഷവും
ഭിന്നമാക്കീടുന്നു - കുസുമശരവൃഷ്ടിയാൽ ||

ചരണങ്ങൾ

രതിസുലഭകേളിയ്ക്കു—രൈവതമിദം ദേശം;
അതിവിജനമെത്രയും - രന്തുമതിയോഗ്യം;
മധുരമധുമമ്പോടു—പീതചാമദേനനാം,
കുതുകേനകുസുമശര—നാടകമിതാടുക. ||
കുങ്കുമമണിഞ്ഞകുച—കുംഭങ്ങൾ ചേർത്തുരസി
ഭംഗ്യാ പുണൎന്നീടുക—പരമസുഖമോടെ;
വന്നാലുമരികിൽമമ—തന്നാലും മധുരമധു,
മന്ദേതരം മദന—ഖിന്നതയകററുക. ||

പദം 10

സുരുട്ടി - അടന്ത

ഭാൎയ്യമാർ,

ഒന്നാമത്തവൾ;

കാന്താ, കാരുണ്യമൂൎത്തേ,—കമനീയഗാത്ര
കാന്താ കാരുണ്യമൂൎത്തേ.................. ||

രണ്ടാമത്തവൾ

കാന്തമാരാകുംഞങ്ങൾ—കാന്താരെ ലീലചെയ്വാൻ
ഹന്തപലനാളുണ്ടി—താഗ്രഹിയ്ക്കുന്നു നാഥാ! ||

രണ്ടുപേരും,

നിന്തിരുമേനി ചേൎത്തു—സന്തതം പുണരുവാൻ
സംഗതി വരികയാൽ—സഫലം ഞങ്ങടെ ജന്മം ||

KOTTAYAM PUBLIC LIBRARY * KOTTAYAM.

ആട്ടം

ബലഭദ്രൻ,

"അല്ലേ സുന്ദരിമാരേ നിങ്ങളുടെ വാക്കുകൾ ചെവിയിൽ അമൃതു് കോരിച്ചൊരിയുംപോലെ സുഖംതരുന്നു. ഈ രൈവതാദ്രിയിലുള്ള വാസം പരമസുഖംതന്നെ; അല്ലേ?"

ഒരുവൾ,

"അങ്ങയോടുകൂടിയുള്ള വാസം എവിടെയായാലും ഞങ്ങൾക്കു സന്തോഷമാണു്."

ബലഭദ്രൻ,

"ആവട്ടെ, നമുക്കു് അല്പം മധുസേവിക്കാം"

ഒരുവൾ മധുവെടുത്തു പകൎന്നുകൊടുക്കുന്നു. ബലഭദ്രൻ അല്പം സേവിച്ചു് ഭാൎയ്യമാൎക്കു കൊടുക്കുന്നു. അവർ അതുവാങ്ങി രണ്ടുപേരും അല്പാല്പം കഴിക്കുന്നു.

ബലഭദ്രൻ

"നിങ്ങൾ രണ്ടുപേരുംചേൎന്നു് നൃത്തം ചെയ്യുവിൻ. ഞാൻ താളം പിടിക്കാം."

(സ്ത്രീകൾ നൃത്തംചെയ്യുന്നു, ബലഭദ്രൻ താളംപിടിച്ചു രസിക്കുന്നു. അങ്ങിനെ മദ്യപാനവും, നൃത്തവും, താളവുമായി മൂന്നുപേരും സുഖിക്കുന്നു. അല്പനേരത്തെ മേളത്തിനുശേഷം,)

ബലഭദ്രൻ,

"മതി, നിങ്ങളുടെ നൃത്തം പൊടിപൊടിച്ചു."

"എനിയ്ക്കു് ക്ഷീണം തോന്നുന്നു. കുറച്ചുവിശ്രമിയ്ക്കട്ടെ."

സ്ത്രീകൾ

"എന്നാൽ അവിടുന്നു് അല്പസമയം വിശ്രമിയ്ക്കു."

(ഒരുവളുടെ മടിയിൽ തലയും മററവളുടെ മടിയിൽ കാലുംവെച്ചു് കിടക്കുന്നു.)

തിരശ്ശീല

## രംഗം 5

വിവിദൻ,

(മുഖത്തുതേപ്പും, ഉടുത്തുകെട്ടും കുപ്പായവും താടിയും മുടിയും എല്ലാം കറുപ്പ്.)

ശ്ലോകം 7

മദ്ധ്യമാവതി, ചമ്പ 5.

ഇത്ഥം നീലാംബരൻ താൻ നിജരമണികളോ—
ടൊത്തുടൻ രൈവതത്തിൽ
പ്രീത്യാമദ്യം സുപീതാ സുഖതരമവിടെ
ക്രീഡചെയ്യും ദശായാം

5. ഗ്ര. പാ. ആഹരി ചമ്പ.

അത്രാസീദ്വാനരേന്ദ്രൻ നരകനുടെ സഖാ
തദ്വധാമർഷശാലീ
മത്താത്മാ വീക്ഷ്യരാമം വിവിദനതിഖലൻ
ചിന്തചെയ്താനിവണ്ണം

## ആട്ടം

(വിവിദൻ, തിരനോക്കു കഴിഞ്ഞ് ഉരലിൽ ഇരുന്ന് തിര താഴ്ത്തി,) "കഷ്ടം! ആ നരകാസുരൻ മരിച്ചുപോയല്ലോ. അദ്ദേഹത്തെക്കൊന്ന ആ ദുഷ്ടനെ എന്റെ നേരെ കണ്ടെങ്കിൽ ഞാനവനെ പൊടിപൊടിയാക്കിയേനെ. (അല്പം നടന്ന് ഘ്രാണിച്ച്) ഏ? ഈ വനത്തിൽ മനുഷ്യഗന്ധം വരാൻ കാരണമെന്ത്? ഞാൻ ഈ കാട്ടിൽ ഉണ്ടായിരിക്കെ എന്നെ ഭയം കൂടാതെ ഇവിടെ വന്ന് വിഹരിക്കാൻ ധൈര്യമുണ്ടായവൻ ആരാണ്? (സഞ്ചരിച്ച് ദൂരെകണ്ടിട്ട്) "ഇവൻ ആരാണ്?" (വേറെ പ്രത്യേകം നോക്കി) ഇതാ സുന്ദരിമാരായ സ്ത്രീകൾ! ഇവരോട്ടുകൂടി ഇവിടെ നിർഭയം വിലസുന്ന ഇവൻ ആരായിരിക്കും? (ഒന്നോർത്ത്) ആവട്ടെ ആലോചിച്ചറിയുകതന്നെ.

(നാലിരട്ടിയെടുത്ത് പദം ആടുക

## പദം 11*

ആരിവനഹോ സമര-ഘോരബലനെത്രയും
ധീരതനടിച്ചു മരു-വുന്നു വിപിനാന്തേ ‖

---

5. ഗ്ര. പാ. ആഹരി ചമ്പ.

* അത്രമമ.... ...... എന്ന ചരണംകൊണ്ട് പദം ആരംഭിക്കുന്നതാണ് ഗ്രന്ഥപാഠം. എല്ലാംകൊണ്ടും കൂടുതൽ ഔചിത്യം രണ്ടാമത്തെ ചരണമായ ആരിവൻ.........എന്നു തുടങ്ങുന്നതാണെന്നു തോന്നുന്നു.

അത്രമമഘോരവന-മാക്രമംചെയ്യതിനു
ശക്തരായാരുള്ളു-ഇത്രിഭുവനത്തിങ്കൽ ॥

സുരപതിമഹേന്ദ്രനോ-സുന്ദരനിവൻപാരം
സുഭഗനതിഗഭീരൻ-അഖിലഗുണപൂരുഷൻ ॥

രവിസദൃശനിവനുടയ-രൌദ്രമതുകാൺകയാൽ
സഭയമിഹസത്വങ്ങൾ-സകലമിളകുന്നു ॥

മത്തഗജയൂഥമിഹ-മൃത്യുഭയമാന്നധികം ॥
ആത്തരായോടുന്നു-ശക്തനിവനാരഹോ ॥

ശൌര്യം വെടിഞ്ഞു ബഹു-ശാർദ്ദൂലസിംഹമിവ
ഭീരുതയൊടും വിപുല-ഗുഹകളിലൊളിയ്ക്കുന്നു ॥

ചാരുമുഖിമാരായ-നാരികളൊടിടചേൎന്നു
സ്വൈരം രമിയ്ക്കുമിവൻ-നരകരിപുതാനോ;

കാലം ഇരട്ടി,

ആരെങ്കിലും വിരവൊ-ടിവനെ ഹതിചെയ്തു ഞാൻ
ചാരുമുഖിമാരെയും-കൊണ്ടുപോന്നീടുവൻ ॥

## ആട്ടം

അതെ, ഇവനെ ജയിച്ച് ഇവൻെറ ഭാര്യമാരായ ഈ സുന്ദരിമാരെ പിടിച്ചുകൊണ്ടുപോവുകതന്നെ. നാല് ഇരട്ടിയെടുത്തുമാറുക.

---

തിരശ്ശീല

## രംഗം 6

### ശ്ലോകം 8

കണ്ഠാരം, മുറിയടന്ത

ഇതികപികുലവീരൻ ഘോരഹുംകാരനാദൈ-
രതിവിപുലശരീരൻ കാനനാന്തം മുഴക്കി,
അടൽകരുതിയണഞ്ഞു നാരിമാരെപ്പിടിപ്പാൻ-
തുടരുമളവുകോപാൽ കാമപാലോ ബഭാഷേ.

(തിര നീങ്ങുമ്പോൾ ബലഭദ്രനും ഭാര്യമാരും മുൻ രംഗാവസാനത്തിലെന്നപോലെ വലതുഭാഗത്ത് വർത്തിയ്ക്കുന്നു. വിവിദൻ ഒച്ചയുണ്ടാക്കാതെ പതുക്കെ പ്രവേശിച്ച് ബലരാമനേയും ഭാര്യമാരേയും മാറിമാറി നോക്കി, ചില വാനരചേഷ്ടകൾ കാണിക്കുന്നു. സ്ത്രീകൾ ഇതുകണ്ട് ഭയപ്പെടുന്നു. അവിടെക്കിടക്കുന്ന മദ്യപാത്രങ്ങൾ പരിശോധിച്ച് അതിൽ അല്പം ശേഷിപ്പുള്ളത് എടുത്തു കുടിക്കുന്നു.)

വിവിദൻ സ്വഗതം,

"അങ്ങനെ വരട്ടെ, ഈ ക്രൂരൻ കുടിച്ച മത്തനായി മയങ്ങിക്കിടക്കയാണ്" (പാത്രത്തിലേയ്ക്ക് ഒന്നുകൂടി നോക്കി ദ്വേഷ്യം വന്ന് അതു് സ്ത്രീകളുടെ നേക്കെറിയുന്നു. ബലഭദ്രൻ ഒച്ചകേട്ട് ഞെട്ടിയുണർന്ന് എഴുന്നേററ് വിവിദനുമായി ഏററുമുട്ടുന്നു)

ബലഭദ്രൻ

എടാ നീയ്യാര്? ഇവരെ തൊട്ടാൽ നോക്കിക്കോ

വിവിദൻ

"നീയ്യാണോ എന്റെ സഖാവായ നരകാസുരനെ കൊന്നവൻ?"

ബലഭദ്രൻ

"നിന്റെ ചങ്ങാതി പോയവഴിയ്ക്ക് നിന്നേയും അയച്ചേയ്ക്കാം. നോക്കിക്കൊ."

(ബലഭദ്രൻ നാലിരട്ടിയെടുത്ത് പദം ആടുക)

പദം 12

നില്ക്കനില്ക്കട മർക്കടാധമ - കാൽക്ഷണം മമമുന്നിൽ നീ
പോക്കുവൻ തവജീവിതം മമ - വജ്രമുഷ്ടികളാലെടാ
ഉഗ്രനാം നരകാരിതന്നുടെ ‖ .........
ഉഗ്രനാം നരകാരിതന്നുടെ -യഗ്രജൻ ബലനേഷ ഞാൻ
ശക്തനെന്നുധരിയ്ക്ക മർക്കട - മൂഢകീടശിഖാമണേ
പുഷ്കരാക്ഷികളോടു ഭീഷണി ‖ .........
പുഷ്കരാക്ഷികളോടുഭീഷണി - നന്നുനന്നിഹദുർമ്മതെ
മുഷ്കരം മുസലായുധം മമ - കാൺകശത്രുവിമർദ്ദനം

വിവിദൻ

കണ്ടുനിന്നുടെ പൌരുഷങ്ങൾ ‖ .........
കണ്ടുനിന്നുടെ പൌരുഷങ്ങള-തൊക്കെയുംബഹുദുർമ്മതെ
കണ്ണമാത്രമൂറിപ്പനെന്നുടെ -കൂർത്തുമൂർത്തശരങ്ങളാൽ
രാക്ഷസാന്തകനേഷ ഞാൻ വിവി ‖ .........
രാക്ഷസാന്തകനേഷഞാൻ വിവി - ദൻ മഹാരണ
കർക്കശൻ.

മൂർഖ നിന്നെയടുത്തുകണ്ടതു - ഭാഗ്യമെന്നുടെകേവലം
ശക്തനാം നരകാസുരംബത ॥ .........
ശക്തനാം നരകാസുരംബത - നഷ്ടമാക്കിയതിന്നുഞാൻ
മസ്തകം പൊടിയാക്കുവൻ യുധി - ഘോരമൽകരതാഡ
നാൽ

ബലഭദ്രൻ,

താഡനം മുസലേനമൂഢ്ʼനിപ ॥ .........
താഡനംമുസലേനമൂഢ്ʼനിപ -തിയ്ക്കുമപ്പൊഴുതെന്നിയെ
മൂഢവാനര നിന്റെഗർവ്വമ-ടങ്ങുകില്ലൊരുനാളുമെ

വിവിദൻ,

പാടവം പ്രകടിപ്പതിന്നതി ॥ .........
പാടവം പ്രകടിപ്പതിന്നതി - വീരനിക്കപികുഞ്ജരൻ
താഡനത്തിനടുക്കുമപ്പൊഴു - താശുധാവതിനിശ്ചയം
മങ്കമാരൊടുചേൎന്നു മദ്യമ ॥ .........
മങ്കമാരൊടുചേൎന്നു മദ്യമ - ഹോ, കുടിച്ചുമദിച്ചുനീ
ശങ്കിയാതെ നിഷിദ്ധവാക്കുര - ചെയ്തതെത്രയുമത്ഭുതം
പംക്തികണ്ഠകപോലജാലമ ॥ .........
പംക്തികണ്ഠകപോലജാലമ - ടിച്ചുടച്ചൊരു വീരനോ-
ടെന്തുനീപറയുന്നു താർക്ഷ്യനൊ - ടീച്ചയെന്നകണ
ക്കിനെ

ബലഭദ്രൻ,

പംക്തികണ്ഠനതീവദുർബ്ബല ॥ .........
പംക്തികണ്ഠനതീവദുർബ്ബല - നെത്രയും ബഹുകശ്മലൻ
പണ്ടു ജാനകിദേവിയെബ്ബത - കട്ടുകൊണ്ടവനല്ലയോ?

വിവിദൻ

വാക്കുകൊണ്ടു ജയിപ്പതിന്നട ‖ ........
വാക്കുകൊണ്ടു ജയിപ്പതിന്നട–നാക്കുദാന്ധമഹോ ഭവാൻ
പോക്കുനേരിട്ടുകാശ്ശുവിക്രമ – മാഹവത്തിലറിഞ്ഞിടാം.

ബലഭദ്രനും വിവിദനുംകൂടി യുദ്ധം. വിവിദൻ ബലഭദ്രനാൽ വധിയ്ക്കപ്പെടുന്നു. വിവിദനെക്കൊന്നശേഷം ഭാര്യമാരോടായി, "അവൻെറ കഥ കഴിഞ്ഞു. ഇനി ഭയപ്പെടാനില്ല."

ഭാര്യമാർ

"ഞങ്ങൾ വല്ലാതെ പേടിച്ചു. അവിടുന്നു ഉണരാൻ താമസിച്ചെങ്കിൽ അവൻ ഞങ്ങളെ പിടിച്ചുതിന്നുമായിരുന്നു."

ബലഭദ്രൻ

"നമുക്ക് കുറച്ചുദിവസംകൂടി ഇവിടെ താമസിയ്ക്കാം."

ഭാര്യമാർ

"അപ്രകാരംതന്നെ."

ബലഭദ്രൻ ഭാര്യമാരുടെ കൈപിടിച്ച് മാറുന്നു.

തിരശ്ശീല

ഇടശ്ലോകം 9

ഇതി ബഹുവിധമോരോ വീരവാദം പറഞ്ഞ–
ങ്ങതിരണകുശലൌതൌഘോരയുദ്ധംതുടങ്ങി;

ഝടിതി വിവിദനെത്താൻ സംഹരിച്ചാശു മോദാൽ
മതിസമമുഖിമാരോടൊത്തു രേമേസ രാമൻ.

## രംഗം 7

(ശ്രീകൃഷ്ണസഭയിൽ നാരദൻ പ്രവേശിക്കുന്നു. സഭയിൽ ഉദ്ധവർ ഉണ്ടാവണം. ഉദ്ധവരുടെ വേഷം പച്ച. ശിരോലങ്കാരം നാരദമുടിയും, കറുത്തുനീണ്ട താടിയും ആയാൽ അധികം നന്നായിരിക്കുമെന്നു കരുതുന്നു.)

ശ്ലോകം 10

കല്യാണി ചെമ്പട

ചെന്താമരാക്ഷനഥ മന്ത്രി പുരോഹിതാദ്യൈ-
സ്സന്തോഷമാർന്നരുളുമപ്പൊഴുതസ്സഭായാം,
ചന്തം കലർന്നവതരിച്ചൊരു നാരദം ക-
ണ്ടന്തർമ്മുദാ സവിനയം ഹരിരിത്യുവാച.

(ശ്രീകൃഷ്ണൻ വലത്തു ഭാഗത്തിരിക്കുന്നു. ഉദ്ധവർ ഇടത്തു ഭാഗത്തും. നാരദൻ പ്രവേശിക്കുന്നു. പ്രവേശിച്ച് അന്യോന്യംകണ്ട് നാരദനെ ഇരുത്തി വന്ദിച്ചശേഷം പദം. ആട്ടകം രണ്ട കിടതികിധിംതാം.)

പദം 13

കൃഷ്ണൻ,

ദേവമുനിമാർതൊഴും – നാരദമുനീന്ദ്രതവ
പാദസരസിജംവന്ദേ, – പാവനശരീര! ॥
സർവ്വലോകങ്ങൾതന്നിലും – സർവ്വദാസഞ്ചരിക്കുന്നു
ദോർവ്വീര്യമുള്ളവരുടെ – ഗർവ്വംകളവാനായി. ॥
ഏതൊരുലോകത്തിൽനി – ന്നാഗതനായ് ഭവാനിപ്പോൾ
ഹേതുവെന്തെന്നതും ചൊൽക – പാതകനാശനാ. ॥
എന്തൊരു മനോരാജ്യംതേ – സ്വാന്തേ ചൊൽക മഹാമുനേ
എന്തെങ്കിലും സാധിപ്പിപ്പാ – നന്തരമില്ലല്ലൊ. ॥

പദം 14

ശങ്കരാഭരണം, ത്രിപുട

നാരദൻ

പല്ലവി:— കൃഷ്ണാ, ജനാർദ്ദന, – പാഹിമാംവീര,
വൃഷ്ണികുലോത്ഭവ, – പാഹിമാം. ॥

അനുപല്ലവി,

ഭക്തിമചഞ്ചലാം – ദേഹി മമ പരം;
സക്തി മറെറാന്നിങ്ക – ലില്ലനമുക്കഹോ. ॥

ചരണങ്ങൾ,

എങ്കിലോഞാൻവന്ന – കാരിയമതു
പങ്കജലോചനാ – കേട്ടാലും:
തിങ്കൾകുലമണി – ദീപമാംധർമ്മജൻ

70683

തങ്കലൊരാഗ്രഹം - ഏറെയുണ്ടാകയാൽ ‖
രാജസൂയക്രതു - ചെയ്യതിന്നിന്നു
രാജാവിനുണ്ടതി - നാഗ്രഹം.
രാജീവലോചനാ - നിൻകൃപാവൈഭവാൽ
വ്യാജമകന്നതു - സാധിപ്പിച്ചീടേണം. ‖
എന്നതുചൊൽവതി - നായ്മുദാതവ
സന്നിധൌവന്നുഞാൻ - ശ്രീപതേ
മുന്നം ഹരിശ്ചന്ദ്ര - നെന്നപോലെ ധർമ്മ—
നന്ദനൻധന്യനായ് - മേലിൽവിളങ്ങേണം. ‖

പദം 15

കല്യാണി, ചെമ്പട

കൃഷ്ണൻ,

എന്തതിന്നു സംശയംമൽ - ബന്ധുവാംയുധിഷ്ഠിരന്നു
സന്തോഷേണയാഗംചെയ്യാ = നെന്തൊരുവൈഷമ്യം? ‖
നാലാഴിചൂഴന്നഭൂമി - പാലിയ്ക്കുന്നധർമ്മജൻെറ
രാജസൂയം ശ്രമിപ്പാനായ് - ഞാനിതാപോകുന്നു ‖

ആട്ടം

നാരദൻ,

"ബലെ അങ്ങിനെത്തന്നെയാണുവേണ്ടതു്. അവിടുത്തെ വാക്ക് ഉചിതമായി. (സ്വഗതം) ഇദ്ദേഹത്തെപ്പോലെ ഭക്തപ്രിയനായി മററാരുണ്ടു്?"

കൃഷ്ണൻ,

അങ്ങയെപ്പോലുള്ള ദിവ്യന്മാരുടെ അനുഗ്രഹം മാത്രമേ

ആവശ്യമുള്ളു. സദാ കരുണയുണ്ടാകേണമേ"

നാരദൻ,

"എന്നാൽ ഞാൻ ഇറങ്ങട്ടെ; യാഗാരംഭത്തിൽ അവിടെ കാണാം"

കൃഷ്ണൻ,

"അപ്രകാരംതന്നെ"

(വന്ദിച്ച് യാത്രയാകുന്നു. നാരദൻ പോവുന്നു.)

തിരശ്ശീല

## രംഗം 8

(ശ്രീകൃഷ്ണസഭയിൽ ഒരു ബ്രാഹ്മണൻ പ്രവേശിക്കുന്നു)

ശ്ലോകം 11

സൌരാഷ്ട്രം, മുറിയടന്ത 7

അത്രാന്തരേ യദുപതിന്നിജമന്ത്രിമുഖ്യൈ-
ർമ്മദ്ധ്യേ സഭാം ബലനുമായ്മരുവും ദശായാം,
കശ്ചിദ്ദ്വിജോ മഗധപീഡിതരാജവൃന്ദ-
സന്ദേശവാചകമുവാച മുകുന്ദമേവം.

1 ഗ്ര-പാ സൌരാഷ്ട്രം അടന്ത എടവട്ടം

KOTTAYAM PUBLIC LIBRARY KOTTAYAM

(ഒരു കിടതികിധിംതാം)

## പദം 16

ബ്രാഹ്മണൻ,

വാസുദേവ ജയജയ-മാധവ മുകുന്ദ ജയ
ഭൂദേവനാമെന്നെ നിത്യം- സാദരം പാലയ ॥
ദുഷ്ടനാകും ജരാസന്ധൻ-കെട്ടിയിട്ടു വലയ്ക്കുന്ന
ശിഷ്ടരാം നൃപന്മാരുടെ-ചെഷ്ടിതങ്ങൾ കേട്ടാലും നീ ॥
സ്നാനപാന ഭോജനാദി-ഹീനന്മാരാം രാജാക്കന്മാർ
ദീനബന്ധോ സദാ നിന്നെ-ധ്യാനം ചെയ്തുമേവീടുന്നു ॥
"പങ്കജാക്ഷ ജരാസന്ധ-ശൃംഖലയിൽക്കിടക്കുന്ന
ഞങ്ങളുടെ സങ്കടങ്ങൾ-നിൻകൃപയാതീർത്തീടേണം" ॥
എന്നീവണ്ണം നൃപതീനാം-സന്ദേശത്തെയുണർത്തിപ്പാൻ
വന്നുഞാനും കംസൻതന്നെ-മുന്നംകൊലചെയ്ത വീര! ॥

## പദം 17

ബലഹരി, ചെമ്പട

ശ്രീകൃഷ്ണൻ,

ഭൂസുരേന്ദ്രമൌലേ, ജയ-ഭൂരിഗുണവാരിനിധേ,
പാദയുഗം കൈതൊഴുന്നേൻ-സാദരം ഞാൻ മഹാമതേ ॥
ദുഷ്ടനാം ജരാസന്ധനെ-പ്പെട്ടെന്നു വധിച്ചുമമ
ഭക്തരാകും ഭൂപന്മാരെ-പാലിയ്ക്കുന്നേനെന്നു നൂനം ॥
ഖേദമിതുമൂലമിനി - മേദിനീശന്മാർക്കുവേണ്ട
മേദിനീസുരേശാ സത്യം; - മോദേനപോയാലുംഭവാൻ ॥

ആട്ടം

ശ്രീകൃഷ്ണൻ,

"എന്നാൽ പോരേ?"

ബ്രാഹ്മണൻ,

മതി; ഈ സന്തോഷവത്തമാനം രാജാക്കന്മാരെ ഉടനെ ത്തന്നെ അറിയിച്ചുകൊള്ളാം, ഞാൻ ഇറങ്ങട്ടെ.

ശ്രീകൃഷ്ണൻ,

"ശെരി അങ്ങനെ"

(ബ്രാഹ്മണനെ യാത്രയാക്കി, കലാശിച്ച് ശ്ലോകം ചൊല്ലുക. ശ്ലോകം ചൊല്ലുമ്പോൾ ശ്രീകൃഷ്ണൻ ഇനിയെന്താണ് വേണ്ടതു് എന്നാലോചിയ്ക്കുകയും, "ഉദ്ധവനെ നോക്കി" എന്നേടത്ത് അതുപ്രകാരം അഭിനയിയ്ക്കുകയും വേണം)

ശ്ലോകം 12

സാവേരി, ചമ്പ

എന്നിത്തരം മധുരിപോവ്വചനങ്ങൾകേട്ടു
വന്നോരു നാരദനുമന്തണനും ഗമിച്ചു;
അന്നേരമുദ്ധവനെ നോക്കി മുകുന്ദനേവം
സന്ദേഹമോടു വചനം മധുരം ബഭാഷേ.

പദം 18

ശ്രീകൃഷ്ണൻ,

ഉദ്ധവ സഖേ ശൃണുമ - മോക്തികളിദാനിം,
ഉദ്ധവസഖേ.................................. ||

KOTTAYAM PUBLIC LIBRARY

ബുദ്ധിവിശാരദ,നീതി = ശാസ്ത്രവിവേകാദികളിൽ
സത്തമനായീട്ടും ഭവാൻ - സവിധേ മമ വരിക ॥
ഉത്തമമുനീന്ദ്രനേയും - പൃത്ഥീസുരവരനേയും
സത്യമുരചെയ്തുമോദാൽ - യാത്രയാക്കിനേൻവീര. ॥
ധമ്മജൻെറ രാജസൂയം - സമ്മോദാൽ നിവ്വഹിക്കേണം;
പൃത്ഥ്വീവരപാലനാത്ഥം - ശത്രുജയമാശുവേണം. ॥
രണ്ടുകാര്യമതിൽ മുമ്പെ - വേണ്ടതെന്തെന്നോത്തുഭവാൻ
നിണ്ണയിച്ചുരചെയ്കാലും; - നിണ്ണീതധീയല്ലോ ഭവാൻ.

പദം 19

മലഹരി, ചമ്പ 8

ഉദ്ധവർ,

യാതൊന്നുതിരുവുള്ളത്തിൽ - ജ്ഞാതമല്ലാതുള്ളുപോററി!
നാഥചൊൽവനെങ്കിലും ഞാൻ-ചോദിച്ചതിനുത്തരമായ് ॥
രാജസൂയം ചെയ്വാൻ സവ്വ—രാജാക്കന്മാരേയുംവെന്നു
വ്യാജമെന്നിയെതിറ—വാങ്ങീടേണമല്ലോവീര ॥
ദുഷ്ടനാകും ജരാസന്ധ—നത്രതിറനൽകയില്ലാ,
യുദ്ധേ മഗധനെക്കൊന്നു—സത്രംകഴിക്കേണ്ടുന്നേവരു ॥

പദം 20

സാവേരി, ചെമ്പട

കൃഷ്ണൻ,

അന്നീരണ്ടുകമ്മങ്ങളും ‖ .........

---

ഗ്ര. പാ. ത്തിൽ ഉദ്ധവരുടെ പദത്തിനു് പ്രത്യേകം രാഗമില്ല—സാവേരി, ചമ്പതന്നെ.

അന്നീരണ്ടുകർമ്മങ്ങളും – ഒന്നായ് നിർവ്വഹിക്കാമല്ലൊ;
എന്നാലുടനിന്ദ്രപ്രസ്ഥേ – മന്ദേതരം ഗമിക്കുനാം. ||

### ആട്ടം

കൃഷ്ണൻ,

"ഭവാൻെറ അഭിപ്രായംപോലെ ആദ്യം ജരാസന്ധനെ ജയിച്ച്, പിന്നീട് യാഗത്തിനുശ്രമിക്കാം."

ഉദ്ധവർ,

അപ്രകാരംതന്നെ.

കൃഷ്ണൻ,

"എന്നാൽ ഇന്ദ്രപ്രസ്ഥത്തിലേക്കു് പുറപ്പെട്ടാലും"

(അന്യോന്യം അഭിവാദ്യംചെയ്തു് ഉദ്ധവരെ അയച്ച് കൃഷ്ണൻ വീണ്ടും രംഗപ്രവേശംചെയ്തു്, ഇടത്തുഭാഗത്ത് കണ്ട്, അനുഗ്രഹിച്ച്,)

"ഹേ! ദാരുക! വേഗം തേരു കൊണ്ടുവരു" (ദാരുകനെ അയച്ച് സ്വാഗതം) "രാജസൂയം തടസ്ഥമൊന്നും കൂടാതെ കഴിഞ്ഞാൽ ഭാഗ്യമായി" (ദാരുകൻ തേരുകൊണ്ടുവന്നതായിക്കണ്ട്) "ദാരുകാ! രഥം, വേഗം ഇന്ദ്രപ്രസ്ഥത്തിലേക്കു് തെളിച്ചാലും." (നാലിരട്ടിയെടുത്തു് തേരിൽ ചാടിക്കയറി മാറുക.)

തിരശ്ശീല

## രംഗം 9

### പാണ്ഡവന്മാരും, കൃഷ്ണനും

ശ്ലോകം 13

കാമോദരി, അടന്ത.

ഇത്ഥം നിശ്ചിത്യ തേരിൽ ജവമൊടുകര-
യേറീടിനാൻ ദാരുകേണ,
ബദ്ധാമോദം മുകുന്ദൻ യമതനയനൃപം
വീക്ഷിതും തൽക്ഷണേന;
പ്രാപ്തോസൌ പാണ്ഡവാനാം നഗരിയിലെതിരേ-
റ്റാശു ധർമ്മാത്മജൻ താൻ
ഭക്ത്യാ തൃക്കാൽ വണങ്ങീട്ടഖിലമുനിനുതം
കൃഷ്ണമേവം ബഭാഷേ.

(വലത്തുഭാഗത്ത് ധർമ്മപുത്രർ ഇരിക്കുന്നു. ഭീമനും അർജ്ജുനനും വന്ദനയോടെ അരികിൽ നിൽക്കുന്നു. ശ്രീകൃഷ്ണൻ പ്രവേശിച്ച് അന്യോന്യം കണ്ടു്, ധർമ്മപുത്രർ, ശ്രീകൃഷ്ണനെ ആദരിച്ചിരുത്തി, പദം ആടുക.)

പദം 21

ധർമ്മപുത്രർ

പത്മനാഭ തൊഴുന്നേൻ പാദ—
പത്മമമ്പൊടധുനാ... ||

പത്മജാദി സകലാമരവന്ദിത,
പത്മജാരമണ, ഹേ ജനാർദ്ദന! ‖

ദാരപുത്രാദികൾക്കും - തവവിഭോ
സ്വൈരമല്ലീ സുമതേ!
ദ്വാരകയാംപുരി - ബന്ധുജനത്തോടും
സീരപാണി വാഴുന്നോ - ഹേ ജനാർദ്ദന! ‖

രാജഭാവം കൊ__ണ്ടിന്നുജ്ജ്വലതയാ
രാജസൂയം ചെയ്വാനായി
രാജീവാക്ഷ,മമ—വാഞ്ഛവളരുന്നു
സാദ്ധ്യമായ്‌വരുമോ__ഹേ ജനാർദ്ദനാ ‖

പദം 22

മോഹനം, അടന്ത 9

കൃഷ്ണൻ,

പല്ലവി

എന്തതിന്നു സംശയം__നൃപോത്തമ
കുന്തീ നന്ദനാ വിഭോ ‖

അനുപല്ലവി

അന്തകാത്മജ തവ—അദ്യനാസ്തിപരി—
പന്ഥിയെന്നു പ്രസിദ്ധം,—ഹേ ഗുണാലയ! ‖

---

9 ശ്രു-പാ: ത്തിൽ ശ്രീകൃഷ്ണൻെറ പദത്തിന് പ്രത്യേകം
രാഗമില്ല—കാമോദരി, അടന്തതന്നെ.

ചരണം

ശത്രുവാകും മഗധൻ—തന്നെ വെൽവാൻ
പാർത്ഥഭീമൻമാരോട്ടം
അത്ര മാം സപദി—യാത്രയാക്കീടുക
സത്വരം പോയ്‌വരുവൻ—ഹേ ഗുണാലയ ||
ധർമ്മനന്ദന വിഭോ ഭവതുതേ
ധർമ്മശീല, മംഗളം....... ||

പദം 23

കാമോദരി, അടന്ത

ധർമ്മപുത്രർ,

ഭക്തന്മാരിലീവണ്ണം—കൃപയോടെ
യത്നം ചെയ്‌വാനാരുള്ളൂ?
ഗച്ഛതാശു സമരായ യൂയമിഹ
കാത്തുകൊൾക ഞങ്ങളെ—ഹേ ജനാർദ്ദന! ||

ആട്ടം

കൃഷ്ണൻ,

"എന്നാൽ ഞങ്ങൾ മൂന്നു പേരും കൂടിച്ചെന്നു് ആ ജരാസന്ധനെ ജയിച്ചു് രാജാക്കന്മാരുടെ സങ്കടങ്ങൾ തീർത്തു ഉടനെവരാം; അതിനുശേഷം രാജസൂയം ആരംഭിക്കാം; അങ്ങിനെയല്ലേ?

ധർമ്മപുത്രർ,

"എല്ലാം അവിടുത്തെ ആജ്ഞപോലെ" (ഭീമാർജ്ജുന

ന്മാരോടായി) "നിങ്ങൾ കൃഷ്ണനൊന്നിച്ച പോയാലും"

ഭീമൻ,

അങ്ങിനെതന്നെ.

(കൃഷ്ണനും, ഭീമനും, അർജ്ജുനനും ധർമ്മപുത്രരോട് യാത്ര പറഞ്ഞു് പിരിയുന്നു.)

തിരശ്ശീല

രംഗം 10

ജരാസന്ധൻ—ചുവന്നതാടി*

ശ്ലോകം 14

സാരംഗം, ചമ്പ

സാക്ഷാദ്വൈകുണ്ഠവാസീ പവനജവിജയാ-
ഭ്യാം സമം യാത്രയും വീ—
ണ്ടക്കാലം വിപ്രവേഷത്തൊടു മഗധപുരം
പുക്കതാൻ തൽക്ഷണേന
ധിക്കാരത്തോടുമേവും നരവരകുലകാ—
ലൻ ജരാസന്ധവീരൻ

* തെക്കൻ രാജസൂയത്തിൽ കത്തിയാണ്.

സൽക്കാരം ചെയ്തു മായാമയധരണിസുര—
ന്മാരൊടിത്ഥം ബഭാഷേ.

## ആട്ടം

(ജരാസന്ധൻ തിരനോക്കു കഴിഞ്ഞു് ഉരലിൽ ഇരുന്നു തിരതാഴ്ത്തി, ഉത്തരീയം വീശി എഴുന്നേററ് മാറിത്തിരിഞ്ഞു്) "എനിക്കു് ഏററവും സുഖം ഭവിച്ചു. അതിന്നു് കാരണമെന്തു്? (ഒന്നാലോചിച്ചു്) എനിക്കു തുല്യം ബലവീര്യ പരാക്രമിയായി ഇന്നു് ലോകത്തിൽ ആരാണുള്ളതു്? (താടി തലോടിക്കൊണ്ടു് നാലു ചാലു് നടന്നു്) യാതൊരുത്തനുമില്ല. അതുകൊണ്ടു് എനിക്കു് ഏററവും സുഖം ഭവിച്ചു. എന്നാൽ ഞാൻ ഇത്ര പരാക്രമിയാവാൻ കാരണം? (ഒന്നോർത്തു) അതെ, ത്രൈലോക്യനാഥനായുള്ള മഹേശ്വരന്റെ അനുഗ്രഹം കാരണംതന്നെ. അതുകൊണ്ടു് ഞാനാകട്ടെ, നമ്മുടെ ശത്രുക്കളായുള്ള സകല രാജാക്കന്മാരേയും യുദ്ധത്തിൽ ജയിച്ചു് ഇവിടെ കാരാഗൃഹത്തിൽ കെട്ടിയിട്ടുകഴിഞ്ഞു. ഇനി നമുക്കെന്തിരിക്കുന്നു" (ഉരലിൽ ഞെളിഞ്ഞിരുന്നു ഉത്തരീയം വീശുന്നു. അങ്ങിനെയിരിക്കുവെ പെട്ടെന്നു് ദൂരെ നോക്കി) "ആരാണു് ദൂരെനിന്നു വരുന്നതു്? ഒന്നു്, രണ്ടു്, മൂന്നു് മൂന്നുപേരുണ്ടു്. ഈ വരുന്ന പുരുഷന്മാർ ആരായിരിക്കാം?" (എഴുന്നേററ് പിന്മാറിത്തിരിഞ്ഞു് മുമ്പിൽവന്നു് സൂക്ഷിച്ചുനോക്കി) ഇവർ ബ്രാഹ്മണരാണോ! ബ്രാഹ്മണർ ഇത്തരത്തിലുള്ള വസ്ത്രങ്ങൾ ഉടുക്കുന്നതും മാലകൾ അണിയുന്നതും ഇതിനുമുമ്പ് ഞാൻ കണ്ടിട്ടില്ല. എന്നുതന്നെയല്ല, ഇവരെക്കണ്ടാൽ ക്ഷാത്രവീര്യം മൂർത്തീകരിച്ചു് പ്രത്യക്ഷപ്പെട്ടതാണോയെന്നു തോന്നും. എങ്കിലും ഇവർ ബ്രാഹ്മണർതന്നെ. ഇതാ നേരെ എന്റെ സമീപത്തേക്കുതന്നെയാണ്

വരുന്നതു്. ആവട്ടെ ഇവരോടു് വന്നകാര്യം ചോദിച്ചറിയുകതന്നെ.''

(നാലാര്ട്ടീയെടുത്തു് തിരപൊക്കി മാററുന്നു.)

തിരശ്ശീല

## രംഗം 11

(ബ്രാഹ്മണർ ഇടത്തുവശത്തു് നിൽക്കുന്നു. ജരാസന്ധൻ എട്ടുത്തുകലാശിച്ചു് കയറിവരുന്നു. അന്യോന്യം കണ്ടു്, ബ്രാഹ്മണരെ മൂന്നുപേരേയും വെവ്വേറെ അഭിവാദ്യം ചെയ്യുന്നു.)

ജരാസന്ധൻ,

ഇരിയ്ക്കിൻ, ഇരിയ്ക്കിൻ.

ബ്രാഹ്മണർ,

എയ് വേണ്ട, ഇവിടെ നിന്നാൽ മതി.

ജരാസന്ധൻ,

നില്ക്കുകയോ? അതുപാടില്ല, ഇരിക്കണം. (പിടിച്ചിരുത്തി) നിങ്ങൾക്കു് സൌഖ്യമല്ലെ?

ബ്രാഹ്മ: ഒന്നാമൻ,

അതെ, സൌഖ്യംതന്നെ.

ജരാസന്ധൻ,

''എന്നെ അല്പംപോലും കൂസാതെ നേരിട്ടുവന്ന നിങ്ങൾ മഹായോഗ്യന്മാർതന്നെ!''

ബ്രാഹ്മ: രണ്ടാമൻ,

''അങ്ങയെപ്പോലുള്ള മഹാ യോഗ്യന്മാരെ നേരിട്ടുവന്നു് കാണുവാൻ സാധിച്ചാൽ അതുതന്നെ മഹാഭാഗ്യമാണ്.''

ജരാസന്ധൻ,

''ഭേഷ്! സരസമായ സംഭാഷണംതന്നെ. ആവട്ടെ, ഞാൻ പറയുന്നതു് വഴിപോലെ കേട്ടാലും''

നാലാര്ട്ടിയെടുത്തു് പദം ആടുക.

പദം 24

ജരാസന്ധൻ,

ഭൂസുരശിരോമണികളാം—നിങ്ങളുടെ
ഭാസുരപദങ്ങൾ കലയേ..........
യാതൊരു പ്രദേശമി ॥ ........
യാതൊരു പ്രദേശമി—നലംകൃതം നിങ്ങളാൽ
മോദേന ചൊൽവിനഭി—വാഞ്ചിതമതൊക്കെയും ॥
ഭൂസുര.........കലയേ ॥ .........£
ദിക്കുകളിലൊക്കെയധുനാ ॥ ..........
ദിക്കുകളിലൊക്കെയധുനാ—നമ്മുടയ

£ ഭൂസുര ശിരോമണികളാം എന്ന എല്ലാ പല്ലവികൾക്കും തോങ്കാരം വേണം.

ശക്തികൾ പുകഴ്ത്തുന്നില്ലേ?.........
മൽക്കരബലത്തൊടെതിർ—നിൽപ്പതിന്നു പാക്കിലിഹ
ശക്തിനഹിശക്രനുമ—തോക്ക മമ വിക്രമം ॥
ഭൂസുര.............കലയേ ॥

പദം 25

മാരധനാശി, ത്രിപുട.

ബ്രാഹ്മ: ഒന്നാമൻ,

മാഗധേശ്വര കേൾക്കെടൊ ഞങ്ങടെ
ഭാഷിതമെല്ലാമെ സാമ്പ്രതം.
ഭാഗധേയം തവപാക്കിലഹോ പാരം
ഭാതിജഗത്രയേ രാജേന്ദ്രവീര ഹേ!"

ബ്രാഹ്മ: രണ്ടാമൻ,

ഭൂമിദേവന്മാർ യാചിച്ചതൊക്കെയും
ഭൂമിപ നീ കൊടുത്തീടും പോൽ*
കാമിതം ഞങ്ങൾക്കും സാധിക്കുമെന്നുള്ള
തള്ളലുദിക്കുന്നു രാജേന്ദ്ര വീര ഹേ! ॥

ജരാസന്ധൻ,

ഉള്ളിലതി ഗർവ്വമിയലും ॥......
ഉള്ളിലതി ഗർവ്വമിയലും—നിങ്ങളാ-
രുള്ളതുര ചെയ്കവേണം......

---

* പോലെല്ലാവക്കും എന്നാണ് ഗ്ര-പാ.

കള്ളമത്തു ഭൂമിസുരർ—ചൊല്ലുകയുമില്ലല്ലൊ
ചൊല്ലിയതബദ്ധമഹ—മില്ലതിനു സംശയം ‖
ഭൂസുര.............കലയേ ‖

ബ്രാഹ്മ: മൂന്നാമൻ,

എന്തുവാഞ്ചിതം ഞങ്ങൾക്കെന്നുള്ളതും
ചൊല്ലുവാൻ കിഞ്ചന വൈഷമ്യം
എന്തെങ്കിലും തരാമെന്നു സത്യംചെയ്കിൽ
ചൊല്ലാം പരമാത്ഥം രാജേന്ദ്രവീര ഹേ! ‖

ജരാസന്ധൻ,

കഷ്ടമിതു ഭൂമിസുരരേ ‖ ...............
കഷ്ടമിതു ഭൂമിസുരരേ-നിങ്ങളുടെ
ധാർഷ്ട്യമതി വിസ്മയമഹോ!
പെട്ടെന്നു ചൊൽവിനഭി- വാഞ്ചിതമതൊക്കയും
തുഷ്ട്യാ ദദാമി ഖലു- സത്യം വദാമ്യഹം ‖
ഭൂസുര..............കലയേ ‖

ബ്രാഹ്മ: ഒന്നാമൻ,

എന്നാലിന്നിഹ ഞങ്ങൾക്കു മോദേന
ദ്വന്ദ്വയുദ്ധം ദേഹി ഭൂപതേ!

മുറിയടന്ത

ഇന്ദുകലമൌലി ഭീമനിവൻ, പാത്ഥ—
നന്യൻ, മുകുന്ദൻഞാൻ രാജേന്ദ്രവരെ ഹേ! ‖

പദം 26

പന്തുവരാളി ചെമ്പട

ജരാസന്ധൻ,

പല്ലവി

ചിത്രമഹോ ചരിതം || ................
ചിത്രമഹോ ചരിതം ഭവതാമതി-
ചിത്രമഹോചരിതം...........

ചരണം

പാൎത്ഥിവ കുലഹതരാകും നിങ്ങൾ
പൃൎത്ഥ്വീസുരവരവേഷത്തോടെ
പ്രീത്യാ നമ്മുടെ സവിധേ വന്നിഹ
യുദ്ധമിരന്നതു പാൎക്കിലിദാനീം ||
ചിത്രമഹോചരിതം
മത്തദ്വിപവര || ...............
മത്തദ്വിപവരമസ്തകമമ്പൊടു
ഭീത്യാ ചോരകുടിച്ചു മദിച്ചൊരു
ശക്തനതാകും കേസരിവരനോ-
ടൊത്തു മൃഗങ്ങളെതിൎത്തുപോലെ ||
ചിത്രമഹോചരിതം............
എത്രയുമധിക || ...........
എത്രയുമധികമശക്തൻ കൃഷ്ണൻ
പാൎത്ഥനിവൻ മൃദുകോമളഗാത്രൻ
മൽക്കരതാഡനമൊന്നുതടുപ്പാൻ
പക്ഷേ പവനജനോൎക്കിൽവിവാദം ||
ചിത്രമഹോചരിതം..............

ഭീമൻ,

ഹന്ത വിവാദം തീൎപ്പാൻ നിന്നുടെ || .......

ഹന്ത വിവാദം തീപ്പാൻ നിന്നുടെ
അന്തകനാകിയ ഭീമനെടാ ഞാൻ
അന്തരമില്ലിഹ നമ്മൊടെതിത്താൽ
അന്തകസീമനി തവ ഖലുവാസം ॥

കഷ്ടമഹോ ചരിതം കുമതേ തവ
കഷ്ടമഹോ ചരിതം

ശക്തിപെരുത്ത ॥ ......................
ശക്തിപെരുത്ത ഹിഡിംബനെയും യുധി
തൽസമനാം ബകരാക്ഷസനേയും
ബദ്ധരുഷാകൊലചെയ്യേൻഞാൻ, പുന-
രത്രഭവാനോടെന്തിഹ ദണ്ഡം? ॥
കഷ്ടമഹോ ചരിതം...............

ജരാസന്ധൻ,

ശങ്കവെടിഞ്ഞിഹ ॥ ............
ശങ്കവെടിഞ്ഞിഹ ഭൂപതികുലമൊരു
ശൃംഖലകൊണ്ടു തളച്ചതിസഹസാ
ഹുംകൃതിയാൽമരുവീടും മമ യമ—
കിങ്കരവരരെയുമില്ലൊരുഭീതി ॥
ചിത്രമഹോ ചരിതം ............

ഭീമൻ,

ശിഷ്ടരതാകിയ ॥ ............
ശിഷ്ടരതാകിയഭൂപതിവരരെ
കെട്ടുപിണച്ചിഹകാരാഗൃഹമതി-
ലിട്ടുവലയ്ക്കും നിന്നുടലാശു ത—

കത്തിടുവൻ മമ മുഷ്ടികളാലേ ‖
കഷ്ടമഹോ ചരിതം.........

ജരാസന്ധൻ,

മതിമതി നിന്നുടെ ‖ .........
മതിമതി നിന്നുടെ പൌരുഷവചസാ
കൊതി തവ രണമതിലുണ്ടെന്നാകിൽ
ഗദയുടനമ്പോടെടുത്തു തട്ടത്തതി
മദമൊടു രണഭുവി വരിക ദുരാത്മൻ ‖
ചിത്രമഹോ ചരിതം............

(ഭീമനും ജരാസന്ധനുംകൂടിയുദ്ധം. യുദ്ധത്തിൽ, ഭീമൻതളരുന്നു. കൊട്ടിക്കലാശിച്ച്, ശ്ലോകംചൊല്ലുക:)

പ്രകടനശ്ലോകം 15

കേദാരഗൌളം

വീരന്മാർതമ്മിലേവം കഠിനതരമുടൻ
ദ്വന്ദ്വയുദ്ധംതുടങ്ങി;
പാരംഭീമൻതളർന്നു; തദനു വിജയനാൽ
തദ്വധോപായസാരം,
സാരജ്ഞൻ കണ്ടുഭീമൻ; ഝടിതി മഗധനെ
തള്ളിയിട്ടാശു ദേഹം
നേരെക്കീറിക്കളഞ്ഞപ്പവനജനവനെ
കാലഗേഹത്തിലാക്കി.

(ശ്ലോകാർത്ഥം, അർജ്ജുനനു് ശ്രീകൃഷ്ണൻ ഉപദേശിച്ചതനുസരിച്ച്, അർജ്ജുനൻ, ഭീമനു്, ഉപായംകാണിച്ചുകൊടുത്തു എന്നാണെങ്കിലും, ശ്രീകൃഷ്ണൻതന്നെ ഒരു പച്ചില നടുവേ

ക്കീറി വധോപായം ഭീമന് മനസ്സിലാക്കുന്നതായിട്ടാണ് പതിവ്.)

(ജരാസന്ധനെ വധിച്ചശേഷം ഭീമൻ വീണ്ടും രംഗപ്രവേശംചെയ്യുമ്പോൾ, അർജ്ജുനനും ശ്രീകൃഷ്ണനും രംഗത്തുവരണം. അവർ മൂവരുംകൂടി ബന്ധനസ്ഥരായ രാജാക്കന്മാരെ മോചിപ്പിച്ച്, ജരാസന്ധപുത്രനായ സഹദേവനെ മഗധരാജാവാക്കി അഭിഷേകംചെയ്തു്,)

കൃഷ്ണൻ,

ഇനി രാജസൂയത്തിനു് ശ്രമിയ്ക്കയല്ലേ?

ഭീമാർജ്ജുനന്മാർ,

"അപ്രകാരംതന്നെ"

(നാലാര്ട്ടീയെടുത്തു് മൂന്നു പേരും മാറുക.)

തിരശ്ശീല

ഇടശ്ലോകം, 16

പ്രാപ്തേ ജരാസന്ധവധേ മുകുന്ദൻ
തൽപുത്രമമ്പോടഭിഷിച്യ രാജ്യേ
സർവ്വാൻ നൃപാനാശു വിമുച്യ ഭൂപൈഃ
സംസ്തൂയമാനോ മുദിതോ ഽഖിലാത്മാ.

## രംഗം 12

ധർമ്മപുത്രരും അർജ്ജുനനും

ശ്ലോകം 17

നവരസം, ചെമ്പട

രാജസൂയമതിനായ് വരേണമെ—
ന്നാദരേണ നൃപതീൻ വദിച്ചുടൻ
തേരിലേറി നടകൊണ്ടു മൂവരും
പ്രാപ്യ പാർത്ഥനവനീശമൂചിവാൻ

(ധർമ്മപുത്രർ വലത്തു ഭാഗത്തിരിക്കുന്നു. അർജ്ജുനൻ പ്രവേശിച്ച് തൊഴുതു കുമ്പിട്ട് പദം ആടുക. ഒരു കിടതി കിധിംതാം)

പദം 27

പല്ലവി

അർജ്ജുനൻ,

ആര്യ്യതവ—പാദയുഗളമിപ്പോൾ
ശൌര്യ്യജലനിധേ!—കൈതൊഴാം. ‖

ചരണം

കരുണാവാരിധേ ഞങ്ങൾ - ധരണീസുരരായ്ചെന്നു
മഗധനോടു യുദ്ധം - യാചിച്ചിതെന്നേ വേണ്ടു
മന്നവൻ ജരാസന്ധൻ—തന്നോടു യുദ്ധം ചെയ്തു

കൊന്നിതു ഭീമനവൻ—തന്നെയെന്നറിഞ്ഞാലും ||
ആയ്യതവ..................കൈതൊഴാം ||
കാരാഗൃഹത്തിൽ തത്ര—വീറോടെ കിടക്കുന്ന
രാജാക്കന്മാരെയെല്ലാം—മോദമോടയച്ചിതു.
മല്ലാരി കരുണയാ—ലെല്ലാമേ ജയംവരും
അല്ലലകന്നു യാഗം – അനുഷ്ഠിക്കു യുധിഷ്ഠിര! ||
ആയ്യതവ...............കൈതൊഴാം ||

മദ്ധ്യമാവതി, ചെമ്പട, 10

പദം 28

ധർമ്മപുത്രർ,

പല്ലവി

സോദര പാർത്ഥ മഹാരഥ കേൾക്കനീ
സാദരമെന്നുടെ വാക്കുകളെല്ലാം ||
മാധവകൃപയാല സാദ്ധ്യമായില്ലൊരു
സാധനവുമെന്നു കരുതുക സുമതേ!
സാധുതരം ഖലു മഗധനിധനം
ബാധയകന്നിതു സാധുജനാനാം ||
സോദരപാർത്ഥ............... ||

ആട്ടം

അർജ്ജുനൻ,

എന്നാൽ ഇനി വേഗം രാജസൂയത്തിന്നു ശ്രമിക്കയല്ലേ?

---

10 ഗ്ര-പാ: മദ്ധ്യമാവതിയെന്നുമാത്രം. താളം ചേർത്തിട്ടില്ല.

ധർമ്മപുത്രർ,

അപ്രകാരംതന്നെ.

(രണ്ടുപേരും പോകുന്നു.)

തിരശ്ശീല

## രംഗം 13

ശ്രീകൃഷ്ണനും ഭാര്യമാരും

ശ്ലോകം 18

മുഖാരി, ചെമ്പട

സന്തോഷത്തോടു കൃഷ്ണൻ തിരുവടി നൃപനോ-
ടപ്പൊഴേ യാത്ര ചൊല്ലി-
ച്ചന്തത്തിൽ തേരിലേറിജ്ഝടിതി നിജപുരം
പുക്കു ചെന്താമരാക്ഷൻ
പന്തൊക്കും കൊങ്കമാരാം നിജരമണികളോ-
ടൊത്തു ചെന്താർശരാർത്ത്യാ
മന്ദംമന്ദം മുകുന്ദൻ രഹസി കുതുകമോ-
ടൂചിവാൻ വാചമേവം.

ശ്രീകൃഷ്ണൻ ഭാര്യമാരുടെ കൈകോർത്തുപിടിച്ചു പ്രവേശിക്കുന്നു.

ഒരു കിടതികിധിംതാം

പദം 29

ശ്രീകൃഷ്ണൻ,

പല്ലവി

മല്ലമിഴിമാർതൊഴുന്ന - വല്ലഭമാരാം നിങ്ങൾ
കല്യാണമോടെന്മൊഴികൾ എല്ലാമേകേട്ടാലും ॥

അനുപല്ലവി

മല്ലബാണമേററുപാരം - അല്ലൽവളൎന്നീടുന്നു
മെല്ലവേപുണൎന്നധര .. പല്ലവംതരിക ॥

ചരണം

മാരകേളിചെയ്യുതിന്നാ - യാരാമേപോകനാം
ചാരുപികവാണിമാരേ - സ്വൈരമോടിദാനീം
നന്ദനോദ്യാനത്തിൽസുര - സുന്ദരിമാരോട്ടം
ഇന്ദ്രനെപ്പോലെലീല - നന്ദിയോടെചെയ്യു ॥

പദം 30

നാഥനാമക്രിയ, ചെമ്പട 11

പല്ലവി

ഭാൎയ്യമാർ,

കാന്താകാൎമ്മുകിൽവൎണ്ണാ - സന്തോഷമോടെ
കാന്തമാരാം ഞങ്ങളുടെ - വാണികൾകേട്ടാലും ॥

---

11 ഗ്രം. പാ. രാമനാഥഗ്രി - ചമ്പ

അനുപല്ലവി

പന്തണികുചങ്ങളെ - പുണരുകതരസാ
ചെന്തൊണ്ടിയധരമതു - നൽകനളിനാക്ഷ! ‖

ചരണം

പല നാളായ് ഭവാനിപ്പോ - ളെങ്ങുപോയിവരുന്നു?
വലയുന്നു വിരഹാർത്ത്യാ - ഞങ്ങളഖിലേശ!
അലസലോചനമാരെ - തിരഞ്ഞു പോകയോ?
അന്തരാംശ്രുസുവദനാ - സത്യമരുളേണം ‖
പതിനാറായിരത്തെട്ടു - തരുണിമാരാലും
രതിയിലൊരലംഭാവ - മില്ലയോ തേ? ‖

ഭൈരവി, ചെമ്പട 12

പദം 30

കൃഷ്ണൻ,

എന്തീവണ്ണം ചൊല്ലീടുന്നു ‖ ............
എന്തീവണ്ണം ചൊല്ലീടുന്നു - ഹന്തകാന്തമാരേ?
കുന്തീസുതദിഗ്ജയാർത്ഥം - പോയിതല്ലൊ ഞാനും
ധർമ്മജന്റെ രാജസൂയം - കാൺമാൻ നാമെല്ലാരും
നിർമ്മലാംഗിമാരേ തത്ര - പോകാം പുലർകാലേ

പദം 13

നാഥനാമക്രിയ, ചെമ്പട

ഭാര്യമാർ,

പങ്കജാക്ഷ ഞങ്ങളിന്നു - ശങ്കിച്ചതെല്ലാമേ
നിൻകരുണയാ ക്ഷമി - ച്ചരുളുക നാഥാ ‖

KOTTAYAM PUBLIC LIBRARY * KOTTAYAM *

എങ്കിലിന്നു ഞങ്ങൾക്ക - ലങ്കാരമിപ്പോൾ
ഭംഗിയോടേ ചേത്തീടേണം - മംഗലമൂത്തേ ॥

ആട്ടം

ശ്രീകൃഷ്ണൻ,

(ഭാൎയ്യമാരെ ആലിംഗനം ചെയ്തു്) "സന്തോഷമായില്ലേ? (ഉവ്വ്, എന്ന മറുപടി കേട്ടു്) എന്നാൽ നമുക്കു് സുഖമായി ഉറങ്ങാം. നാളെ പ്രഭാതത്തിൽ കുളിയും നിത്യകൎമ്മങ്ങളും കഴിഞ്ഞു് പുതിയ വസ്ത്രാഭരണാദികൾ അണിഞ്ഞു് എല്ലാവക്കും, രാജസൂയാഘോഷം കാണ്മാനായി ഇന്ദ്രപ്രസ്ഥത്തിലേക്കു് പോകാം. അല്ലേ?

ഭാൎയ്യമാർ,

അങ്ങിനെതന്നെ.

കൈകോത്തു്പിടിച്ചു് മാറുക

തിരശ്ശീല

ഇടശ്ലോകം 19

കേദാരഗൌളം

ഇത്ഥം പത്തുസഹസ്രമുഗ്ദ്ധമിഴിമാരൊടൊത്തു രാത്രൌ രമി-
ച്ചത്യാനന്ദതരം പ്രഭാതസമയേ തേരേറിനാരായണൻ
മിത്രാമാത്യകളത്രപുത്രസഹിതം സത്രായപാൎത്ഥാലയേ
പ്രാപ്തസ്തത്രയുധിഷ്ഠിരേണബഹുശസ്സംപൂജ്യമാനോഹരിഃ

## രംഗം 13

ശിശുപാലനും, ദന്തവക്രനും

ശ്ലോകം 20

ഘണ്ടാരം, അടന്ത

ശിഷ്ടന്മാരഥ രാജവൃന്ദമഖിലം വിപ്രാദിനാനാജനൈ-
സ്സൃഷ്ട്യാപാണ്ഡവമന്ദരത്തിലഴകോടെത്തീടിനാർ സർവ്വരും
പെട്ടെന്നക്കഥ കേട്ട ചേതിനൃപതീരുക്ഷാകൃതിസ്തൽക്ഷണം
രുഷ്ടോസൌശിശുപാലനട്ടഹസിതൈരിത്ഥം ബഭാഷേനുജം

(ശിശുപാലനും ദന്തവക്രനും രണ്ടു കത്തിവേഷങ്ങൾ. രണ്ടുപേരും വെവ്വേറെ തിരനോക്കി, ശിശുപാലൻ വീണ്ടും തിരതാഴ്ത്തി ഉരലിൽ ഇരുന്നു് ഉത്തരീയം വീശി ചിന്തയോടെ നിന്നു അമർഷം വർദ്ധിച്ചു്,)

"ഹാ കഷ്ടം! ആ യുധിഷ്ഠിരന്നു് രാജസൂയം ചെയ്യാനായിക്കൊണ്ടു് കൃഷ്ണനും ഭീമനും അർജ്ജുനനുംകൂടി കള്ളബ്രാഹ്മണരായിച്ചെന്നു് എന്റെ ആത്മസുഹൃത്തായിരുന്ന ആ ജരാസന്ധനെകൊന്നുകളഞ്ഞല്ലോ, കഷ്ടംതന്നെ! അവരുടെഈവിധമുള്ള ചതിപ്രയോഗമോക്കുമ്പോൾ ആ ദുഷ്ടന്മാരായ പാണ്ഡവന്മാരെ കൂട്ടത്തോടെ സംഹരിക്കാതിരുന്നുകൂടാ, തീർച്ചതന്നെ. അതുകൊണ്ടു് ഇക്കാര്യം എന്റെ അനുജനായ ദന്തവക്രനുമായി ആലോചിക്കതന്നെ. (നാലാര്ട്ടിയെടുത്തു് തിരപൊക്കിമാറുക.)

## രംഗം 14

(ദന്തവക്രൻ ഇടത്തുഭാഗത്തു നില്ക്കുന്നു, ശിശുപാലൻ പ്രവേശിക്കുന്നു. തമ്മിൽക്കണ്ടിട്ട് ദന്തവക്രൻ ശിശുപാലനെ വണങ്ങിനില്ക്കുന്നു. അനുഗ്രഹിച്ച്)

എടോ സഹോദരാ! കേട്ടില്ലേ കഥ?

ദന്തവക്രൻ,

എല്ലാം കേട്ടു. നമ്മൾ ഇനി എന്തുവേണം?

ശിശുപാലൻ,

അതു് ആലോചിക്കാൻതന്നെയാണ് ഞാൻ ഇങ്ങോട്ടിറങ്ങിയതു്. ഞാൻ പറയുന്നതു് വഴിപോലെ കേട്ടാലും.

(ശിശുപാലൻ നാലാര്ട്ടിയെടുത്തു് പദം ആടുക.)

### പദം 31

ശിശുപാലൻ,

വീര, സഹോദര, ദന്തവക്ര, രണ-
ശൂരവര, സുമതേ,—മഹാ-
സാരഗുണനിധേ, സാദരം നമ്മുടെ
ഭാരതീം കേട്ടാലും നീ. ‖
രാജേന്ദ്രനായുള്ള ധര്മ്മജൻ താനിന്നു
രാജസൂയം ചെയ്വാനായി സര്വ്വ-
രാജവരന്മാരെയെല്ലാം ജയിച്ചുപോൽ
ആജിയിലിന്നുകേട്ടു. ‖

ബന്ധുക്കളായ ജരാസന്ധനാദിയെ
അന്തകസീമനിചേത്തുപരി-
പന്ഥികളായുള്ള പാൎത്ഥന്മാരെ യുധി
ഹന്ത വധിച്ചീടുവൻ- ||
ഗാന്ധാരിപുത്രൻ സുയോധനൻ തന്നുടെ
ബന്ധുത്വം ചിന്തിയ്ക്കയാൽ ഇന്നു
കുന്തീസുതന്മാരെ കൊൽവാൻ മടി മമ
ചിന്തിതം ചൊല്ക ഭവാൻ. ||

## പദം 32

ബലഹരി-മുറിയടന്ത

ദന്തവക്രൻ,

അഗ്രജ കേൾക്ക ഭവാൻ മമ || ..........
അഗ്രജകേൾക്ക ഭവാൻ മമ വാക്കുകൾ
ഉഗ്രമതേ സുമതേ—ഇന്നു
പാൎക്കാതെ പോകനാമിന്ദ്രപ്രസ്ഥത്തിന്നു
വിക്രമവാരാന്നിധേ, ജയജയ!
നാലാഴിച്ചൂഴും ധരണിയി || ........
നാലാഴിച്ചൂഴും ധരണിയിലുള്ളൊരു
നാനാനൃപതികളേയും—ഇന്നു
കാലാത്മജപുരം തന്നിലാക്കീടുവൻ
കാലിണകൈതൊഴുന്നേൻ, ജയജയ!

ആട്ടം

ശിശുപാലൻ

''എന്നാൽ ഇനി ഒട്ടും താമസിയ്ക്കാതെ രാജാക്കന്മാരോ

ട് യുദ്ധത്തിനായി ഇന്ദ്രപ്രസ്ഥത്തിലേയ്ക്ക് പുറപ്പെടുകയല്ലേ?"

ദന്തവക്രൻ

"കല്പനപോലെ"

(ഇരുവരും നാലാര് ട്ടിയെടുത്തു് മാറുക. ഇവിടെ ശിശുപാലൻ വീണ്ടും രംഗപ്രവേശംചെയ്തു് പടപ്പുറപ്പാട് എടുക്കാം)

തിരശ്ശീല

ഇടശ്ലോകം 21

കേദാരഗൌളം

ഇതിസഹജഗിരംകേട്ടാശു ദൈത്യാധിപൻതാൻ,
ദശമുഖസമവീര്യൻ, തേരിലേറിപ്രതസ്ഥേ;
രഘുവരസമനാകും ധർമ്മജൻ തൻെറ സത്രേ
രഥതുരഗസമേതം പ്രാപ്തവാൻ പാപശാലീ.

## രംഗം 15

ശ്ലോകം 22

സൌരാഷ്ട്രം, ചെമ്പട

ഇന്ദ്രപ്രസ്ഥേ സധർമ്മാത്മജനഥവിധിവ-
ദ്യാഗമമ്പോടു ദീക്ഷി-

ച്ചന്നൊന്നിച്ചഗ്രപൂജയ്ക്കഖിലജനഗുരും
　　കൃഷ്ണമഭ്യർച്ച്യപീഠേ
ധന്യോ സൌതൽപ്പദാബ്ജം കനിവൊടുകഴകി-
　　ച്ചാശു പൂജിയ്ക്കുമപ്പോൾ
വന്നോരുൾക്കോപമോടും സഭയിലതിഖലൻ
　　ചൈദ്യനിത്ഥം ബഭാഷേ

(അരങ്ങിൻെറ വലത്തുഭാഗത്ത്, ശ്രീകൃഷ്ണൻ ഇരിയ്ക്കുന്നു. മേലാപ്പും ആലവട്ടവും വേണം, മുമ്പിൽ രണ്ടുവശത്തും ഭദ്രദീപം കൊളുത്തിയ നിലവിളക്കുകൾ വേണം.

ധർമ്മപുത്രർ തൊട്ടടുത്തുനില്ക്കുന്നു. ഭീമൻ, അർജ്ജുനൻ തുടങ്ങിയവർ ഇടത്തുഭാഗത്തു് നില്ക്കുന്നു. നാരദൻ, ബ്രാഹ്മണർ മുതലായവർ ചുററും ഇരിയ്ക്കുന്നു. ശിശുപാലൻ സഗൌരവം കയറിവരുന്നു: രണ്ടുഭാഗത്തേയ്ക്കും വെച്ചിരുത്തിയ എട്ടുത്തുകലാശം. ദൂരെക്കണ്ടു്)

## ആട്ടം

"ഇതാ പാണ്ഡവപുരം ശോഭിച്ചുകാണുന്നു." (അല്പംനടന്നു് ചുററും ജനത്തിരക്കു കണ്ടു്) "ഈ പുരം നാനാദേശങ്ങളിൽ നിന്നു എത്തിയിരിയ്ക്കുന്ന രാജാക്കന്മാർ, ബ്രാഹ്മണർ, മഹർഷിമാർ, മററുപല പ്രഭുക്കന്മാർ എന്നിവരാൽ നിറയപ്പെട്ടിരിയ്ക്കുന്നു. (അല്പംക്കൂടിനടന്നു് സുഗന്ധമേററു്) സുഗന്ധിയായ ഹോമധൂപം ഇവിടെ സർവ്വത്ര വ്യാപിയ്ക്കുന്നു. (പലേടത്തും നോക്കി) ഇതാ സുവർണ്ണമയമായ പലപല യാഗശാലകൾ ശോഭിച്ചുകാണുന്നു. (ജനാരവം കേൾക്കുന്നതായിനടിച്ച് എല്ലാടവും നോക്കി) ഈ പുരം ജനത്തിരക്കുകൊണ്ടുള്ള ബഹളത്താൽ സർവ്വത്ര പൂരിതമായിരിയ്ക്കുന്നു. (ഒന്നാലോചിച്ചു) ആ

വട്ടെ ഞാൻ നേരെ സദസ്സിൽ പ്രവേശിയ്ക്കുകതന്നെ. (പ്രവേശിച്ച് കൃഷ്ണനു് അഗ്രപൂജ നല്കുന്നത് കണ്ടു് ആശ്ചൎയ്യസ്തബ്ധനായി, ധൎമ്മപുത്രർ, കൃഷ്ണൻ, ഭീഷ്മർ, പാണ്ഡവന്മാർ, സദസ്യർ ഇങ്ങിനെ പ്രത്യേകം പ്രത്യേകം നോക്കി, ലജ്ജ, ജുഗുപ്സ, ക്രോധം എന്നീ ഭാവങ്ങളോടുകൂടി ധൎമ്മപുത്രരോടു്) എടോ യുധിഷ്ഠിരാ! ഈ കൃഷ്ണനു് അഗ്രപൂജ നല്കാനായിക്കൊണ്ടു് നീ, ഈമഹാരാജാക്കന്മാരെയെല്ലാം എന്തിനു ഇവിടെ വിളിച്ചുകൂട്ടി? ഞങ്ങളെല്ലാം നിനക്കു് കപ്പംതന്നതു്, നിന്നെ ഭയപ്പെട്ടിട്ടൊന്നുമല്ല, പ്രണയംകൊണ്ടുമാത്രമാണു്; അതു നീ ഓൎക്കുന്നുണ്ടോ? സൎവ്വഥാ ആഭാസനായ ഇവനെ പൂജിയ്ക്കുന്ന നിന്റെ, ഈ യാഗം കൊണ്ടുള്ള ഫലം എന്താണു്? ഛീ, ഇതു നിരൎത്ഥകംതന്നെ. (കൃഷ്ണനോടായി) എടൊ കൃഷ്ണ! നീ, ''എനിയ്ക്കു് രാജത്വമില്ല, രാജാൎഹമായ പൂജ കൈക്കൊൾവാൻ ഞാൻ അൎഹനല്ല, ഇങ്ങിനെയുള്ള പൂജ എന്നെസ്സംബന്ധിച്ചിടത്തോളം പരിഹാസ്യമായിട്ടുള്ളതാണു്.'' എന്നു് ലേശംപോലും ഓൎക്കാതെ ഈ രാജസഭയിൽക്കയറി ഞെളിഞ്ഞിരിയ്ക്കുന്നതു് മൎയ്യാദയാണോ, അതേയോ? (പല്ലുകടിച്ചു് തുറിച്ചുനോക്കുന്നു.)

(സദസ്യരോടായി)''ഹേ സഭാവാസികളേ! നോക്കുവിൻ ഇങ്ങനെ ഒരവസരം കിട്ടിയതിൽ സന്തോഷാഭിമാനംകൊണ്ടു് ഇവൻ ഊററം നടിയ്ക്കുന്നു. ഇവന്റെ ചരിത്രങ്ങൾ ഒരോന്നും ആലോചിയ്ക്കുമ്പോൾ, ഹായ്, ഹായ് ഉറക്കെപ്പറയാൻതന്നെ നാണമാവുന്നു. നിങ്ങൾക്കെല്ലാവൎക്കും കേട്ടറിവുള്ളതല്ലേ? ഇവൻ പണ്ടു് പശുക്കളെമേച്ചു് നടക്കുന്നകാലത്തു് ഓരോരോ ഗോപികമാരുടെ ഭവനങ്ങളിൽ ഗൂഢമായി കയറിച്ചെന്നു് വാതിൽ കുത്തിത്തുറന്നു് പാലും വെണ്ണയും കട്ടുതിന്നു് വളൎന്നതാണു്. നദിയിൽ സ്നാനംചെയ്യുന്ന ചില ഗോപസ്ത്രീകളുടെ വസ്ത്രങ്ങൾ സൂത്രത്തിൽ മോഷ്ടിച്ചുകൊണ്ടോ

ടി; സാധ്വീകളായ അനേകം സ്ത്രീകളെ വശീകരിച്ച് നരക ക്കണ്ടിലാഴ്ത്തി. ഇങ്ങനെ നാനാവിധ മഹാപാപം ചെയ്തി രിയ്ക്കുന്ന ഈ നീചനെ ഈ പാണ്ഡവന്മാരല്ലാതെ മററാരാണു പൂജിയ്ക്കുക?"

(ഭീഷ്മരെനോക്കി) "ഈ പടുവൃദ്ധൻെറ വാക്കുകളെ ക്കൊണ്ട് പാണ്ഡവന്മാർ മോഹിച്ചുപോയി; പാവം, ഭീഷ്മർ."

(നാരദനേയും മററു താപസന്മാരേയും നോക്കി) "ഇതെ ല്ലാം കണ്ട് സന്തോഷിച്ചിരിയ്ക്കുന്ന ഈ വൃദ്ധതാപസന്മാർ കേ വലം സമരനിന്ദ്യന്മാർതന്നെ."

(ധർമ്മപുത്രരോടായി) "എടാ വഷളാ! ഒരു ലേശം നാ ണംകൂടാതെ ഈ കേശവനെ ഓഛരാനിച്ച് നില്ക്കുന്നുവല്ലോ? ക്ഷത്രിയനാണത്രെ, ക്ഷത്രിയൻ; കഷ്ടം! കഷ്ടം!"

(സഭാവാസികളെനോക്കി) "പാണ്ഡവന്മാർ ചെയ്ത ഈ അവമാനത്തിൽ ക്ഷത്രിയന്മാരായനിങ്ങൾ എന്തുവിചാരി യ്ക്കുന്നു? (ചുററും നോക്കി) അഹോ! ഒരുത്തക്കും ഒരനക്കവുമി ല്ല. (ആലോചിച്ച് ക്ഷോഭിച്ചുകലശലായി) എടാ യുധിഷ്ഠി രാ! എൻെറ ചോദ്യത്തിന്നു് നീതന്നെ ഉത്തരംപറയണം."

നാലാര്‍ട്ടിയെടുത്തു് പദം ആടുക.

പദം 33

ശിശുപാലൻ

ആരെടായീസഭയിങ്കൽ
ചോരനാമീ ഗോപാലനെ

പാരാതെ കാൽകഴ ॥ .........
പാരാതെ കാൽകഴകിച്ച
പൂജചെയ്യതത്യത്ഭുതം
ആരിവനെ മാനി ॥ .........
ആരിവനെ മാനിയ്ക്കുന്നു?
നാരീജനങ്ങളല്ലാതെ?
പാരം പിഴച്ചിതുയാഗം
ഒരോന്നേവം നിനയ്ക്കുമ്പോൾ
യോഗ്യരെല്ലാമിരി ॥ .........
യോഗ്യരെല്ലാമിരിയ്ക്കവേ
യോഗ്യമല്ലിച്ചെയ്യതൊട്ടും
യോഗ്യമല്ലാത്തതുകണ്ടാൽ
ആക്കൊന്നും സഹിയ്ക്കുമോ?

കാലം ഇരട്ടി

കുണ്ഡന്മാരേ ॥ .........
കുണ്ഡന്മാരേ നിങ്ങൾക്കിന്നു
വന്ദിപ്പാനീകൃഷ്ണൻതന്നെ
നന്നു തമ്മിൽചേൻവന്ന-
തെന്നേ ഹന്ത ചൊല്ലാവൂ

പ്രകടനശ്ലോകം 22

സാരംഗം മുറിയടന്ത

ഇത്ഥം തിമത്ത് ശിശുപാലനരയ്ക്കുമപ്പോൾ
ഭാവം പകന്നിതു സഭാതലവാസികൾക്കും;
മൌനീമുകുന്ദ,നതു*കണ്ടെഴനേററു പാത്ഥൻ

---

* ഗ്ര. പാ. മൌനീമുകുന്ദനഥ.

കോപംപൊറാഞ്ഞു ശിശുപാലനൊടേവമൂചേ.

(ശ്ലോകംചൊല്ലുമ്പോൾ അർജ്ജുനൻ ദ്വേഷ്യത്തോടെ എഴുന്നേററ് 'വട്ടംവെയ്ക്കണം.' അതിനുശേഷം നാലാമ് ട്ടിയെടുത്തു് പദം ആടുക.)

പദം 34

അർജ്ജുനൻ,

ഇത്തരം മൽസ്വാമി തന്നെ ‖ ........
ഇത്തരം മൽസ്വാമി തന്നെ — ഭത്സനം ചെയ്യുന്നതിന്നോ-
ട്ടുത്തരം ചൊല്ലുവാൻ മമ — പത്രികളെന്നറിഞ്ഞാലും ‖

പല്ലവി

നില്ലുനില്ലെട ചേദിരാജപശോ — പോരിനാളെങ്കിൽ
നില്ലു നില്ലെട രാജപശോ.

ശിശുപാലൻ,

വീരനാം ഞാൻ ശിശുപാലൻ ‖ ...............
വീരനാംഞാൻശിശുപാലൻ — ഭീരുവെന്നോനിൻെറപക്ഷം
പോരിനെന്നോടിന്ദ്രനിന്നും — നേരെ നിന്നീടുമോ മൂഢ! ‖

പല്ലവി

നില്ലുനില്ലെടാ പാണ്ഡുപുത്രപശോ — പോരിനാളെങ്കിൽ
നില്ലുനില്ലെട പണ്ഡുപുത്രപശോ

അർജ്ജുനൻ,

സജ്ജനാതിക്രമം ചെയ്യും ‖ ...........

സജ്ജനാതിക്രമം ചെയ്യും — ദുർജ്ജനപ്രൌഢനിന്നെ ഞാൻ
രജ്ജുകൊണ്ടു വരിഞ്ഞിട്ടു — തർജ്ജനം ചെയ്യുവാൻ മൂഢ ‖
നില്ല നില്ലെട ചേദിരാജപശോ............

ശിശുപാലൻ,

ഗോപികാജാരനാമിവനെ ‖
ഗോപികാജാരനാമിവനെ-കാൽകഴകിയ്ക്കയാലിന്നു
യാഗമദ്ധ്യേഭവാന്മാരെ-ആകവേസംഹരിപ്പൻ ‖
നില്ലനില്ലെടപാണ്ഡുപുത്രപശോ.

(പദാനന്തരം അർജ്ജുനനും ശിശുപാലനും തമ്മിൽ യുദ്ധം മുറുകുന്നതിന്നിടയ്ക്കു് കലാശിച്ചു് ശ്ലോകംചൊല്ലുക.)

പ്രകടനശ്ലോകം 22.

പുറനീരു് ചെമ്പട.

ഇത്ഥംചേദീശപാർത്ഥൌപ്രധനമതിരുഷാ
ഘോരമായ് ചെയ്യുമപ്പോൾ
തത്രോത്ഥായാശു നാരായണനഥ തരസാ
വിശ്വരൂപംധരിച്ചു;
ചൈദ്യാധീശംവധിച്ചു, ഝടിതിസഭഗവാ—
നുഗ്രചക്രേണസാക്ഷാ —
ത്തദ്രൂപംകണ്ടു ഭീഷ്മാദികൾ സുരമുനിഭി—
സ്തുഷ്ടുവുഃ പൂർണ്ണഭക്ത്യാ.

(ശ്ലോകം ചൊല്ലുമ്പോൾ, ശ്രീകൃഷ്ണൻ, വിശ്വരൂപംധരിച്ചു് ഉരലിൽക്കയറിനില്ക്കണം. ശിശുപാലൻ വിശ്വരൂപം കണ്ടു് ഭക്തിഭരിതനായി ഭഗവാനെ സാഷ്ടാംഗം നമസ്കരി

ച്ച് ഭഗവാനോട്ചേൻനില്ക്കുന്നു. ശ്രീകൃഷ്ണൻ ചക്രത്താൽ ശിശുപാലൻെറ കഴുത്തറുക്കുന്നു. ശിശുപാലൻ മോക്ഷംപ്രാപിയ്ക്കുന്നു. ഭീഷ്മർ, നാരദൻ, ബ്രാഹ്മണർ എല്ലാംചേൻന് ശ്രീകൃഷ്ണൻെറ ചുററും നൃത്തംചെയ്തുകൊണ്ടു് പ്രദക്ഷിണംവെച്ച് സ്തുതിയ്ക്കുന്നു.)

പദം 35

ജയ ജയ ദേവജനാർദ്ദനവിഷ്ണോ!
ജയ ജയ ജനിമൃതിഭവഭയഹരണാ!
ജയ കമലാസനശങ്കരപൂജിത!
ജയ സകലേശ്വരപൂർണ്ണശരീരാ!
ആനന്ദാമൃതപൂർണ്ണസുഗാത്രാ!
ഭാനുസഹസ്ര സമപ്രഭമൂർത്തേ!
ദാനവകുലഹര! വാനവമുനിനുത!
നാരായണ, പരിപാഹി, ദയാലോ!
ഈരേഴുലോകം വാരിധികളുമിഹ
ഘോരവപുഷി തവകാണുന്നല്ലോ!
പാരമടക്കുക രശ്മികൾ ഭഗവൻ,
നാരായണ, പരിപാഹി,ദയാലോ! ||

(സ്തുതികഴിഞ്ഞാൽ ശ്രീകൃഷ്ണൻ, ഭക്തന്മാരെ അനുഗ്രഹിച്ച് മാറുക.)

തിരശ്ശീല

## രംഗം 17

### ശ്രീകൃഷ്ണനും, ധമ്മപുത്രരും

ശ്ലോകം 23

മലഹരി-ചമ്പ 13

ഭക്താനാം സ്തോത്രമേവം മധുരതരമുടൻ
കേട്ട വൈകുണ്ഠമൂർത്തിഃ
പ്രീത്യാകൈക്കൊണ്ട സൌമ്യം നിജവപുരധികം
കോമളം ശ്യാമളാംഗം,
ക്ലതചാരാജാഥയാഗം വിധി വദവഭൃത-
സ്നാനവും ചെയ്തുമോദാൽ
ഭക്ത്യാധമ്മാത്മജന്മാ തൊഴതതിവിനയ-
ത്തോടുതുഷ്ടാവശൌരീം.

(ശ്രീകൃഷ്ണൻ ഇരിയ്ക്കുന്നു, ധർമ്മപുത്രർ പ്രവേശിയ്ക്കുന്നു: ഒരു കിടതികിധിംതാം. കണ്ടുവന്ദിച്ച് പദം ആട്ടുക.)

പദം 36

ധർമ്മപുത്രർ,

പല്ലവി

ജയജയജനാർദ്ദന - ദിനബന്ധോ!
ജയജയജനാർദ്ദനാ! ॥

---

13 ഗ്ര. പാ. മലഹരി അടന്ത

അനുപല്ലവി

ജനിമരണ ദീനരാം - ജന്തുവൎഗ്ഗങ്ങളെ
അവനമതുചെയ്തീട്ട - മാനന്ദമൂൎത്തേ! ॥

ചരണം

വിശ്വനായകാതവ - വിശ്വരൂപത്തെക്കണ്ടു
വിശ്വസിച്ചിതുഞാനും - വീതസന്ദേഹം
വിഭ്രമിപ്പിച്ചീടൊല്ലാ - മായയാഭവാനെന്നെ
ശാശ്വതബ്രഹ്മമൂൎത്തേ - ശരണംതേ ചരണാബ്ജം ॥
ഹന്ത ചേദിപൻ ദുഷ്ടൻ - നിന്തിരുവടിതന്നാൽ
ഹന്തവ്യനായതോൎത്താൽ - എത്രയുമത്ഭുതം
നിന്തിരുവുള്ളമെന്നി - ലുണ്ടാകകൊണ്ടുമമ
സമ്പ്രതിരാജസൂയം - സഫലമായ്‌വന്നു നാഥ! ॥

പദം 37

ഭൂപാളം ചെമ്പട 14

ശ്രീകൃഷ്ണൻ,

ധൎമ്മജാഭവാനിന്നു—ധൎമ്മസൂക്ഷ്മത്തോടെ
കൎമ്മങ്ങൾചെയ്കയാൽ—ലോകമെല്ലാമേ
കന്മഷമകന്നധികം—നിൎമ്മലമായ്‌വന്നിതു;
നന്മയിൽ വസിക്ക നീ,—ജീവചിരംകാലം ॥

പല്ലവി,

ഭവതുതവമംഗളം—രാജകുലമൌലേ
ഭവതുതവമംഗളം ॥

---

14 ഗ്ര. പാ. ദേവഗാന്ധാരം ചമ്പ

## ആട്ടം

ധർമ്മപുത്രർ,

"അല്ലയോലോകനാഥ! അടിയനു് ഇപ്രകാരമെല്ലാം സാധിച്ചതു് ഇഷ്ടജനപരിപാലകനും, ദുഷ്ടജനസംഹാരകനുമായ അവിടുത്തെ കാരുണ്യംകൊണ്ടുമാത്രമാണു്. അവിടുത്തെ അനുഗ്രഹം സദാ അടിയനു് ഉണ്ടാകേണമേ."

ശ്രീകൃഷ്ണൻ,

"ധർമ്മജാ! പത്നിയോടും സഹോദരന്മാരോടുംകൂടി വളരെക്കാലം സുഖമായിവസിച്ചാലും; ഞാൻ ഇപ്പോൾ പോകട്ടെ." (ധർമ്മപുത്രർ സാഷ്ടാംഗം നമസ്കരിച്ചു് കൃഷ്ണനെ യാത്രയാക്കുന്നു.)

ശ്ലോകം 24

'ധനാശി'

ഏവംമുകുന്ദകൃപയാകൃതകൃത്യനായി-
ത്താവദ്യുധിഷ്ഠിരനഹോനിജപത്നിയോടും
വീരാനുജൈശ്ചഹരിണാനിജമന്ദിരത്തിൽ
സ്വൈരം വസിച്ചുരഘുനായകനെന്നപോലെ

## രാജസൂയം സമാപ്തം

# വടക്കൻ രാജസൂയം

## ടിപ്പണം

### വന്ദനശ്ലോകം

ലോകാനന്ദ ചിദംബരേശകൃപയാ കലാകേളിഭിഃ കീ ത്തിം പ്രാപ്തം, നൃപവരൈഃ ബഹുമാവിതം, സമസ്തൈഃ ശി ഷ്യൈഃ വൃതം, യോഗഗുരും മമഗുരും തം പുഷ്പോദ്യാനഗൃഹ സ്ഥഭൂസുരവരം നാമ്നാ ദാമോദരം രംഗേ സദാവന്ദേ.

ചിദംബരേശൻെറ കൃപയാൽ കലാകേളികൊണ്ടു് കീ ത്തിമാനും, രാജാക്കന്മാരാൽ ബഹുമാനിയ്ക്കപ്പെടുന്നവനും, എ ല്ലാ ശിഷ്യന്മാരോടുംകൂടിയവനും, യോഗഗുരുവും, എൻെറ ഗു രുനാഥനുമായ ആ പൂന്തോട്ടത്തില്ലത്തു് ദാമോദരൻ നമ്പൂതിരി യെ ഞാൻ സദാവന്ദിയ്ക്കുന്നു.

### ശ്ലോകം 1-പുറപ്പാടു്

സ്വർല്ലോകാധിപതുല്യൻ=ഇന്ദ്രതുല്യൻ. സോദരൈഃ= സഹോദരന്മാരോടുകൂടി. മല്ലാരേ......നിപുണൻ=ശ്രീകൃഷ്ണ ഭക്തൻ. മല്ലാരിഃ=ശ്രീകൃഷ്ണൻ. നിജ......പാഞ്ചാലപുത്ര്യാ= സുന്ദരിയും പാഞ്ചാലപുത്രിയുമായ തൻെറ ഭാര്യയോടുകൂടി. മുദാ=സന്തോഷത്തോടെ. രേമേ=രമിച്ചു. യഥാ സഃ രാമഃ= ആ ശ്രീരാമൻ എന്നപോലെ.

പദം 1-പുറപ്പാട്

ഇന്ദുകുലാംബുധി=ചന്ദ്രവംശമാകുന്ന സമുദ്രം. വൃന്ദാരകന്മാർ=ദേവന്മാർ. കൃഷ്ണ=പാഞ്ചാലി. അജാതശത്രു=ധർമ്മപുത്രർ.

രംഗം 1 ശ്ലോകം-2

ഏകദാ=ഒരിക്കൽ. ദ്രുപദാത്മജാം=പാഞ്ചാലിയോട്. സമീക്ഷ്യ=നോക്കിയിട്ട്. ഉവാച=പറഞ്ഞു. സാന്ദ്രമോദം=നിറഞ്ഞ സന്തോഷത്തോടെ.

പദം 2 ധർമ്മപുത്രർ

ദേവനാരീജനമാന്യ=ദേവസ്ത്രീകൾക്കു തുല്യം മാനിക്കപ്പെടുന്നവൾ (ദേവസ്ത്രീകൾപോലും മാനിക്കുന്നവൾ). പാൎത്ഥിവന്മാർ=രാജാക്കന്മാർ. പ്രാപ്തയായി=കിട്ടി. മത്തേഭഗമന=മദിച്ച ആനയുടെ നടത്തംപോലെയുള്ള നടത്തത്തോടുകൂടിയവൾ—സുന്ദരി. അത്ര=ഇവിടെ ജലസ്ഥലഭ്രാന്തി=വെള്ളമില്ലാത്തിടത്തു ഉണ്ടെന്നും, മറിച്ചും ഭ്രമിക്കൽ.

പദം 3 പാഞ്ചാലി.

നൃപവരൻ=രാജശ്രേഷ്ഠൻ. മഹാമതി=യോഗ്യൻ. ശ്രുണു=കേട്ടാലും. നൃപതികുലധർമ്മപരൻ=രാജാക്കന്മാരുടെ കുലധർമ്മങ്ങളിൽ നിഷ്ഠയുള്ളവൻ. മന്മഥസമാനൻ=കാമദേവനു തുല്യൻ. അതിവേലം=അതിരില്ലാത്തതു്. വൃത്രവൈരി=ഇന്ദ്രൻ.

രംഗം 2 ശ്ലോകം-3

ഇത്ഥം=ഇപ്രകാരം. തത്ര=അവിടെ. ദയിതയാ=ഭാര്യയോടുകൂടി. വൃത്രാരാതിപുരാൽ=സ്വർഗ്ഗത്തിൽനിന്നു്. വൃത്രാരാതി=ഇന്ദ്രൻ. സംപ്രാപ്തവാൻ=വന്നു. നത്വാ=നമസ്കരിച്ചു്. കുശലപ്രശ്നാദിഭിഃ=കുശലപ്രശ്നങ്ങളോടുകൂടി. പ്രോചിവാൻ=പറഞ്ഞു.

പദം 4 ധർമ്മപുത്രർ

ഭൂപതി സംജ്ഞയാ=രാജാവ് എന്ന പേരോടുകൂടി.

പദം 5 നാരദൻ

ശ്രീപതി=ശ്രീകൃഷ്ണൻ. പാകാരി=ഇന്ദ്രൻ. ഭുവി=ഭൂമിയിൽ. കീർത്ത്യാ=കീർത്തിയോടുകൂടി. ചിരകാലം=വളരെക്കാലം. സുരലോകേ=സ്വർഗ്ഗത്തിൽ.

പദം 6 ധർമ്മപുത്രർ

പുഷ്കരനേത്രൻ=ശ്രീകൃഷ്ണൻ. പുഷ്കരം=താമര.

ഇടശ്ലോകം 4

മധുരിപുഗീതൈഃ=ശ്രീകൃഷ്ണസ്തുതികളാൽ. ഗഗനപഥി=ആകാശമാർഗ്ഗത്തിൽ. ഇതിജപ്ത്വാ=ഇപ്രകാരം ജപിച്ചുകൊണ്ടു്.

രംഗം 3 ശ്ലോകം-5

ദ്വാരകായാം പുരിയിൽ=ദ്വാരകാപുരിയിൽ. ഇഷ്ടദായ =ഇഷ്ടങ്ങൾ കൊടുക്കുന്നവൻ: വിഖ്യാതൈർമ്മന്ത്രിമു

ഖൈ്യഃ നിജപിതൃ......ജാദ്യൈഃ=വിഖ്യാതന്മാരായ മന്ത്രി മുഖ്യന്മാരോടും തൻെറ അച്ഛൻ, അമ്മ, സഹോദരൻ, ഭാൎയ്യമാർ, മക്കൾ മുതലായവരോടുംകൂടി. മലർമകൾ=മഹാലക്ഷ്മി.

പദം 8 പുറപ്പാട്

രേവതീശൻ=ബലരാമൻ. ഉളവാം=ഉണ്ടാവുന്ന. ആൎത്തി=സങ്കടം. വൃന്ദം=സമൂഹം.

രംഗം 4 ശ്ലോകം 6

തദനു=പിന്നീട്. സഃ ബലഭദ്രൻ=ആ ബലഭദ്രൻ. മദനശരാൎത്ത്യാ=കാമപാരവശ്യംകൊണ്ട്. മധു=കള്ള്. പായയിത്വാ=കുടിപ്പിച്ച്. പീത്വാ= കുടിച്ച്. മതി=ചന്ദ്രൻ. ഊചിവാൻ=പറഞ്ഞു.

പദം 9. ബലഭദ്രൻ

ഭാഷിതം=പറയുന്നത്. കന്ദൎപ്പൻ=കാമദേവൻ. ഭിന്നമാക്കീടുന്നു=പിളൎക്കുന്നു. രന്തും=രമിക്കുവാൻ. കുസുമശരൻ=കാമദേവൻ. ഉരസി=മാറിൽ. മന്ദേതരം=വേഗം. മദനഖിന്നത=കാമതാപം.

പദം 10 ഭാൎയ്യമാർ

കാന്താരേ=കാട്ടിൽ. സന്തതം=എപ്പോഴും.

രംഗം 5. ശ്ലോകം 7

നീലാംബരൻ=ബലരാമൻ. ആസീൽ=ഉണ്ടായിരുന്നു. നരകൻ=നരകാസുരൻ. തദ്വധാമൎഷശാലി=അയാളുടെ വധംകൊണ്ട് കോപംപൂണ്ടവൻ. വീക്ഷ്യാ=കണ്ട്. ഖലൻ=ദുഷ്ടൻ.

പദം 11 വിവിദൻ

സത്വങ്ങൾ=ജീവികൾ. മത്തഗജയൂഥം=മദിച്ച ആനകളുടെ കൂട്ടം. ശാർദ്ദൂലം=നരി. നരകരിപു=ശ്രീകൃഷ്ണൻ. ഹതി ചെയ്യുക=കൊല്ലുക.

രംഗം 6 ശ്ലോകം 8

ഹുങ്കാരനാദൈഃ=ഹുങ്കാരശബ്ദം (അലച്ച്) കൊണ്ട്. അടൽ=യുദ്ധം. കാമപാലൻ=ബലഭദ്രൻ.

പദം 12 ബലഭദ്രൻ

പുഷ്കരാക്ഷിമാർ=സുന്ദരിമാർ. പുഷ്കരം=താമര. മുസലം=ഇരിമ്പുലക്ക. ശത്രുവിമർദ്ദനം=ശത്രുക്കളെ കൊല്ലൽ.

വിവിദൻ

രണകക്കശൻ=യുദ്ധവീരൻ. മസ്തകം=തല. യുധി=യുദ്ധത്തിൽ

ബലഭദ്രൻ

താഡനം=അടി. മൂർദ്ധ്നി=തലയിൽ.

വിവിദൻ

ധാവതി=ഓടുന്നു. പംക്തികണ്ഠൻ=രാവണൻ. താർക്ഷ്യൻ=അഗ്നി.

ഇടശ്ലോകം 9:

അതിരണകുശലൈരതൌ=ഏററവും യുദ്ധസാമർത്ഥ്യമുള്ള

ആ രണ്ടുപേർ. മതിസമമുഖിമാർ=ചന്ദ്രനെപ്പോലെയുള്ള മുഖത്തോടുകൂടിയവർ=സുന്ദരിമാർ.

രംഗം 7. ശ്ലോകം: 10:

ചെന്താമരാക്ഷൻ=ശ്രീകൃഷ്ണൻ. സഭായാം=സഭയിൽ. അവതരിച്ചു=ഇറങ്ങിവന്ന. ഹരി=ശ്രീകൃഷ്ണൻ.

പദം: 13: ശ്രീകൃഷ്ണൻ

ദോർവ്വീര്യം=കൈയൂക്കു്. തേസ്വാന്തേ=അങ്ങയുടെ മനസ്സിൽ.

പദം 14 നാരദൻ

മാംപാഹി=എന്നെ രക്ഷിച്ചാലും. വൃഷ്ണികുലം=യാദവവംശം. അചഞ്ചലാംഭക്തിംദേഹി=ഇളകാത്ത (നശിക്കാത്ത) ഭക്തി തന്നാലും. സക്തി=ആഗ്രഹം. ക്രതു=യാഗം.

രംഗം ; ശ്ലോകം 11

അത്രാന്തരേ=ആ സമയത്തു്. യതുപതി=ശ്രീകൃഷ്ണൻ. ദ്വിജൻ=ബ്രാഹ്മണൻ. മഗധ..........സന്ദേശം=മഗധരാജാവ് (ജരാസന്ധൻ)കഷ്ടപ്പെടുത്തുന്ന രാജാക്കന്മാരുടെ സന്ദേശം. വൃന്ദം=കൂട്ടം.

പദം 16 ബ്രാഹ്മണർ

ഭൂദേവൻ=ബ്രാഹ്മണൻ. പാലയ=പാലിച്ചാലും.ശിഷ്ടർ=ശ്രേഷ്ഠന്മാർ.

പദം: 17: ശ്രീകൃഷ്ണൻ

മേദിനീശന്മാർ=രാജാക്കന്മാർ. മേദിനീസുരേശൻ=ബ്രാഹ്മണശ്രേഷ്ഠൻ.

ശ്ലോകം 12

മധുരിപോഃ=ശ്രീകൃഷ്ണന്റെ. സന്ദേഹം=സംശയം.

പദം 18 ശ്രീകൃഷ്ണൻ

മമോക്തികൾ=എന്റെ വാക്കുകൾ. ഇദാനീം=ഇപ്പോൾ പൃത്ഥ്വീസുരൻ=ബ്രാഹ്മണൻ. പൃത്ഥ്വീവരൻ=രാജാവു്. നിശ്ശിതധീഃ=കുശാഗ്രബുദ്ധിയായിട്ടുള്ളവൻ.

പദം. 19 ഉദ്ധവൻ

ജ്ഞാതമല്ലാത്തതു്=അറിയാത്തതു് തിറ=കപ്പം സത്രം =യാഗം.

രംഗം 9 ശ്ലോകം 13

ബദ്ധാമോദം=സന്തോഷത്തോടുകൂടി. യമതനയനൃപം=ധർമ്മപുത്രമഹാരാജാവിനെ. വീക്ഷിതും=കാണുവാൻ. പ്രാപ്തോ.........നഗരിയിൽ=ഇദ്ദേഹം ഇന്ദ്രപ്രസ്ഥത്തിലെത്തി. അഖിലമുനിനുതം=എല്ലാ മഹർഷിമാരാലും സ്തുതിക്കപ്പെടുന്ന. കൃഷ്ണം=കൃഷ്ണനോടു്. ബഭാഷേ=പറഞ്ഞു.

പദം 21 ധർമ്മപുത്രർ

പദ്മജ......വന്ദിത=ബ്രഹ്മാവു് തുടങ്ങി എല്ലാ ദേവന്മാരാലും വന്ദിക്കപ്പെടുന്ന. പദ്മജാ=മഹാലക്ഷ്മി. സീരപാണി=ബലരാമൻ. സീരം=കലപ്പ. ജളതയാ=വിഡ്ഢിത്തംകൊണ്ടു്. വാഞ്ഛ=ആഗ്രഹം. രാജീവാക്ഷൻ=ശ്രീകൃഷ്ണൻ. രാജീവം=താമര.

പദം 22 ശ്രീകൃഷ്ണൻ

അദ്യ=ഇന്നു്. നാസ്തിപരിപന്ഥി=ശത്രുക്കളില്ല. മാം=എന്നെ. സപദി=വേഗത്തിൽ.

പദം 23 ധർമ്മപുത്രർ

ഗച്ഛതാശു സമരായ=വേഗം യുദ്ധംചെയ്വാൻ പോയാലും. യൂയം=നിങ്ങൾ.

രംഗം 10 ശ്ലോകം-14

പവനജ...സമം=ഭീമനോട്ടം അർജ്ജുനനോടുകൂടി. യാത്രയും വീണ്ടു്=യാത്രതിരിച്ചു്. പുക്ക=പ്രവേശിച്ചു.

രംഗം 11 പദം-24 ജരാസന്ധൻ

ഭാസുരം=ശോഭായമാനങ്ങളായ. കലയേ=വന്ദിയ്ക്കുന്നു അലംകൃതം=അലങ്കരിക്കപ്പെട്ടന്നു. അഭിവാഞ്ഛിതം=ആഗ്രഹം. ശക്രൻ=ഇന്ദ്രൻ. ശക്രജൻ=അർജ്ജുനൻ.

പദം 25 ബ്രാഹ്മണർ

മാഗധേശ്വരൻ=ജരാസന്ധൻ. ഭാതി=ശോഭിയ്ക്കുന്നു. കിഞ്ചന വൈഷമ്യം=അല്പം വിഷമമുണ്ടു്.

ജരാസന്ധൻ

ദദാമി=ഞാൻ തരുന്നുണ്ടു്. അഹംസത്യം വദാമി=ഞാൻ സത്യം പറയുന്നു.

ബ്രാഹ്മണർ ഒന്നാമൻ

ദേഹി=തന്നാലും.

പദം 26 ജരാസന്ധൻ

ഭവതാം=ഭവാന്മാരുടെ. പാൎത്ഥിവകുലഹതകർ=രാജവംശത്തിൽ പിറന്ന നീചന്മാർ. ദ്വിപം=ആന. ഭിതാ=പിളൎന്ന്. കേസരി=സിംഹം. മൃഗങ്ങൾ=മാനുകൾ. മൽകരതാഡനം=എന്റെ കൈ കൊണ്ടുള്ള അടി. വിവാദം=സംശയം.

ഇടശ്ലോകം 16

പ്രാപ്തേജരാസന്ധവധേ=ജരാസന്ധനെ കൊന്നതിനു ശേഷം. തൽപുത്രം=അയാളുടെ പുത്രനെ. അഭിഷിച്യ=അഭിഷേകം ചെയ്തു്. സൎവ്വാൻ നൃപാൻ=എല്ലാ രാജാക്കന്മാരേയും. വിമുച്യ=വിമോചിപ്പിച്ച്. ഭൂമിപൈഃ=രാജാക്കന്മാരാൽ. സംസ്തൂയമാനഃ=സ്തുതിക്കപ്പെട്ടവനായി.

രംഗം 12 ശ്ലോകം 17

നൃപതീൻ=രാജാക്കന്മാരോടു്. വദിച്ച്=പറഞ്ഞു്. അവനീശംപ്രാപ്യ=രാജാവിനെ സമീപിച്ച്.

പദം 27 ധൎമ്മപുത്രർ

സാധുതരം=വളരെ നന്നായി. മാഗധനിധനം=ജരാസന്ധനെ കൊന്നതു്. സാധുജനാനാം=സജ്ജനങ്ങളുടെ.

രംഗം 13 ശ്ലോകം 18

രഹസി=ആരുമില്ലാത്തിടത്തുവെച്ച്. ചെന്താർശരാൎത്ത്യാ=കാമതാപത്തോടുകൂടി. ഊചിവാൻ=പറഞ്ഞു.

പദം 30 പത്നിമാർ

വിരഹാൎത്ത്യാ=വിരഹവേദനകൊണ്ടു്. അലസലോച

KOTTAYAM PUBLIC LIBRARY

ന്നമാർ=സുന്ദരിമാർ. അമൃതാംശു=ചന്ദ്രൻ

ഇടശ്ലോകം 19

രാത്രൗ=രാത്രിയിൽ. അത്യാനന്ദതരം=അധികം അത്യാനന്ദത്തോടുകൂടി. അമാത്യൻ=മന്ത്രി. കളത്രം=ഭാര്യ. ബഹുശ=പലപ്രകാരത്തിൽ.

രംഗം 14 ശ്ലോകം 20

നാനാജനൈഃ=നാനാ ജനങ്ങളോടുകൂടി. രൂക്ഷാകൃതി=ഭയങ്കര സ്വരൂപൻ. രുഷ്ടഃ=ദ്വേഷ്യപ്പെട്ട്. അസൌശിശുപാലഃ=ഈ ശിശുപാലൻ.

രംഗം 14 പദം 31 ശിശുപാലൻ

രണശൂരവരൻ=യുദ്ധസാമർത്ഥ്യമുള്ളവരിൽവെച്ച് യോഗ്യൻ. ഭാരതീം=വാക്കിനെ. ആജി=യുദ്ധം. പരിപന്ഥി=ശത്രു.

ഇടശ്ലോകം 21

സഹജഗിരം=അനുജന്റെ വാക്കിനെ. ദശമുഖ സമവീര്യൻ=രാവണനനുസമം വീര്യമുള്ളവൻ. പ്രതസ്ഥേ=പോയി.

രംഗം 15 ശ്ലോകം 22

സഃ ധർമ്മാത്മജഃ=ആ ധർമ്മപുത്രൻ. കൃഷ്ണം=ശ്രീകൃഷ്ണനെ. അഭ്യർച്ച്യ=പൂജിച്ച്. പീഠേ=പീഠത്തിൽവെച്ച്. (പീഠത്തിന്മേലിരുത്തി)

പദം 32 ശിശുപാലൻ

ഗോപാലൻ=പശുക്കളെമേയ്ക്കുന്നവൻ. പാരാതെ=ആ

ലോചിയ്ക്കാതെ. യോഗ്യമല്ല=അനുചിതമാണ്. കണ്ഡന്മാർ=ഭർത്താവിരിയ്ക്കെ മററു പുരുഷന്മാർക്ക് പിറന്ന സന്തതികൾ (വേശ്യാപുത്രന്മാർ)

ഇടശ്ലോകം 22

പൊറാഞ്ഞ്=സഹിയാഞ്ഞ്.

പദം 33 അർജ്ജുനൻ

ഭർത്സനം=ശകാരം. പത്രികൾ=ശരങ്ങൾ. ചേദിരാജപശോ=മൃഗതുല്യനായ ചേദിരാജാവേ. രജ്ജു=കയർ. തർജ്ജനം ചെയ്യുക=അടിയ്ക്കുക.

ഇടശ്ലോകം 23

ചേദീശപാർത്ഥൗ=ശിശുപാലനും അർജ്ജുനനും. പ്രധനം=യുദ്ധം. ഉത്ഥായ=എഴുന്നേററ്. തുഷ്ടുവുഃ=സ്തുതിച്ചു.

പദം 34 ഭീഷ്മാദികൾ

ജനി.........ഹരണൻ=ജനനമരണാദികളായ സംസാരദുഃഖം നശിപ്പിയ്ക്കുന്നവൻ. പരിപാഹി=രക്ഷിച്ചാലും. വപുഷി=ശരീരത്തിൽ.

രംഗം 17 ശ്ലോകം 24

ശ്യാമളം=കറുപ്പ്. അവഭൃതസ്നാനം=യജ്ഞാവസാനത്തിലുള്ള കുളി.

പദം 35 ധർമ്മപുത്രർ

അവനം=രക്ഷിയ്ക്കൽ. വീതസന്ദേഹം=സംശയംകൂടാ

തെ. ഹന്തവ്യൻ=വധിക്കപ്പെടേണ്ടവൻ.

പദം 36 ശ്രീകൃഷ്ണൻ

കന്മഷമകന്ന്=പാപം നശിച്ച്. ജീവ=ജീവിച്ചാലും.

ശ്ലോകം 25

താവൽ=അപ്പോൾ. വീരാനുജൈഃ=വീരന്മാരായ അനുജന്മാരോടുകൂടി. രഘുനായകൻ=ശ്രീരാമൻ.

ടിപ്പണം

**കുഞ്ഞിക്കുട്ടി വാസുദേവൻ നമ്പൂതിരി എം. ഏ.**

**KOTTAYAM PUBLIC LIBRARY**

~~JAWAHAR BAL BHAVAN & CHILDREN'S LIBRARY~~

KOTTAYAM.

*Cl. No.* NDA5 *Acc. No.* 70683

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 13 FEB 1977 | | |
| 21 JAN 1982 | | |
| 23 APR 2014 | | |

MA5
KM - V

70683

കൃഷ്ണൻകുട്ടി പൊതുവാൾ,
കലാമണ്ഡലം
വടക്കൻ രാജസൂയം